

HOLY BIBLE

# ALMOST FREE!

## Excellent Christian Literature

You can receive 40 books (english), worth three hundred rupees for rupees thirty-five only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to:

**THE BIBLE TEACHER**
**C-22 N. D. S. E. 2**
**New Delhi-110049**


# അറിയിപ്പ്

ഒന്നിലധികം കോപ്പികൾ കിട്ടുന്നവർ ദയവു ചെയ്തു ഞങ്ങളെ അറിയിക്കുക. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

**Editors :-**


**P. K. VARGHESE** **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 1** **October 1987** **No. 7**




പുരോഹിതന്മാർ തങ്ങളുടെ സംഘടനയുടെ ആദർശത്തിനോ നിലനില്പിനോ ഹാനികരമായ പ്രവർത്തനങ്ങളെ അടിച്ചമർത്തുന്നതിനു് അക്രമം അഴിച്ചു വിടുന്ന പ്രവണത ഒരു സംഘടനക്കും അഭികാമ്യമല്ല. ഹിംസയോ, അക്രമമോ വെച്ചു പുലർത്തുവാനാണ് മതം നിലകൊള്ളുന്നതെങ്കിൽ അത്തരം മത സംഘടന മനുഷ്യനു് ആപത്തു വരുത്തുന്നവയാണ്. എല്ലാ മതങ്ങളും മനുഷ്യ നിർമ്മിതമാണ്. ദൈവീക മൂല്യങ്ങൾക്കു വില കല്പിക്കുന്നതു് മനുഷ്യർക്കു പ്രയോജനപ്രദമാകണം. ബൈബിൾ ഉൽഘോഷിക്കുന്നത്, വക്രതയും കോട്ടവുമുള്ള തലമുറയിൽ നിന്നു വേർപെട്ട് നിർമ്മല മനസ്സാക്ഷിയുള്ളവരായിരിപ്പിൻ എന്നാണ്. മനുഷ്യരെ ഭിന്നിപ്പിച്ചു തമ്മിലടിപ്പിക്കുന്ന മനോഭാവം പ്രാകൃതവും പൈശാചികവുമാണ്. ധാർമ്മികമായ നീതി സമൂഹത്തിൽ കാണപ്പെടേണ്ടതിനു് ജാതി, മതവർഗ്ഗ വ്യത്യാസം കൈവെടിഞ്ഞ് ഒരൊറ്റ മാർഗ്ഗം സ്വീകരിക്കുവാൻ ഓരോരുത്തരും ശ്രമിക്കണമെന്നാണ് എന്റെ പ്രാർത്ഥന.

**പി. കെ. വർഗ്ഗീസ്**

# മൂന്നു മരണങ്ങൾ

J. C. ചേട്ടു്

മരണത്തെക്കുറിച്ച് ചിന്തിക്കുന്നതിന് നാം ഒരിക്കലും ഇഷ്ടപ്പെടാറില്ല.... ഭൗതികമായ ഈ ലോകത്തിൽ നിന്നുമുള്ള ഒരു വേർപാടായിട്ടാണ് മരണത്തെ നാം കരുതുന്നത്. മരണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ വേദന, നിരാശ, കഷ്ടത, പ്രിയപ്പെട്ടവരിൽ നിന്നുമുള്ള വേർപാട്, ജീവിതനഷ്ടം എന്നിവയെ ചുറ്റിപ്പറ്റി നാം ചിന്തിക്കുന്നു. മരണം നീണ്ടുനിൽക്കുന്ന ഒരു രോഗത്തോടുകൂടിയോ, ആകസ്മികമായോ നമ്മെ പിടികൂടിയെന്നിരിക്കാം. യുവാവിനും, വൃദ്ധനും, ധനവാനും, ദരിദ്രനും, ബലവാനും, ദുഷ്ടനും മരണം സംഭവിക്കുന്നു. എല്ലാ മനുഷ്യരും മരിക്കേണ്ടവരാണ്. മരണം ജീവിതത്തിന്റെ അവസാനമായതിനാൽ എല്ലാവരും അതിനെ വെറുക്കുന്നു ഭയക്കുന്നു.

മരണത്തിന്റെ ഒരു വശത്തെക്കുറിച്ചു മാത്രമാണ് നാം കണ്ടത്.... ഇതിന് മറ്റൊരു വശം കൂടി ഉണ്ട്. ജീവനുവേണ്ടി മരിക്കുക എന്നത് പ്രകൃതിയുടെ ഒരു നിയമമാണ്. നാം മണ്ണിൽ കുഴിച്ചിടാറുള്ള വിത്തുകളെക്കുറിച്ച് ഓർക്കുക.... ഒരു പുതിയ ചെടി ഉണ്ടെങ്കിൽ വളർച്ച ഉണ്ടാകുന്നതിനു വേണ്ടി എല്ലാവിത്തുകളും മരിക്കുന്നു (മണ്ണിൽ അലിഞ്ഞു ചേരുന്നു). ഒരു വ്യക്തി ക്രിസ്ത്യാനിയായിത്തീരുന്നതിനു വേണ്ടി ദൈവത്തെ ആശ്രയിക്കുമ്പോഴും ഇതു സത്യമാണ്. ഒരുവൻ തന്റെ പാപസ്വഭാവത്തെ ഉപേക്ഷിക്കുകയും (മരിപ്പിക്കുക), സ്നാനത്തിൽ കർത്താവിനോടു കൂടെ അടക്കം ചെയ്യപ്പെടുകയും തുടർന്ന് ജീവന്റെ പുതുക്കത്തിനായി ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുന്നു എന്ന് പൗലോസ് റോമർ 6:3–8 വരെയുള്ള വാക്യങ്ങളിൽ പറയുന്നു. ഭൗതികമായ മരണത്തിന്റെ കാര്യത്തിലും ഇതു സത്യമാണ്.

മരണസമയത്ത് ഒരുവൻ തന്റെ ജഡത്തെ ഉപേക്ഷിക്കുകയും.... നിത്യമായ, മരണത്തിനപ്പുറമായ ഒരു ജീവിതത്തിനായി ഒരുക്കപ്പെടുകയും ചെയ്യുന്നു. പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക ''പക്ഷേ ഒരുവൻ; മരിച്ചവർ എങ്ങനെ ഉയിർക്കുന്നു എന്നും ഏതുവിധം ശരീരത്തോടെ വരും എന്നും ചോദിക്കും. മൂഢാ, നീ വിതക്കുന്നതു ചത്തില്ല എങ്കിൽ ജീവിക്കുന്നില്ല. നീ വിതെക്കുന്നതോ ഉണ്ടാകുവാനുള്ള ശരീരമല്ല, കോതമ്പിന്റെയോ മറ്റു വല്ലതിന്റെയോ വെറും മണിയത്രേ വിതക്കുന്നതു; ദൈവമോ തന്റെ ഇഷ്ടം പോലെ അതിനും ഒരു ശരീരവും ഓരോ വിത്തിനു അതിന്റെ ശരീരവും കൊടുക്കു

ന്നു. സകല മാംസവും ഒരുപോലെയുള്ള മാംസമല്ല; മനുഷ്യരുടെ മാംസം വേറെ, കന്നുകാലികളുടെ മാംസം വേറെ, പക്ഷികളുടെ മാംസം വേറെ, മത്സ്യങ്ങളുടെ മാംസവും വേറെ. സ്വർഗ്ഗീയ ശരീരങ്ങളും ഭൗമശരീരങ്ങളും ഉണ്ട്;

സ്വർഗ്ഗീയ ശരീരങ്ങളുടെ തേജസ്സു വേറെ, ഭൗമ ശരീരങ്ങളുടെ തേജസ്സു വേറെ, സൂര്യന്റെ തേജസ്സു വേറെ, ചന്ദ്രന്റെ തേജസ്സു വേറെ, നക്ഷത്രങ്ങളുടെ തേജസ്സു വേറെ; നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സുകൊണ്ട് ഭേദം ഉണ്ടല്ലോ. മരിച്ചവരുടെ പുനരുത്ഥാനവും അങ്ങനെ തന്നേ.... ദ്രവത്വത്തിൽ വിതെക്കപ്പെടുന്നു; അദ്രവത്വത്തിൽ ഉയിർക്കുന്നു; അപമാനത്തിൽ വിതെക്കപ്പെടുന്നു, തേജസ്സിൽ ഉയിർക്കുന്നു, ബലഹീനതയിൽ വിതെക്കപ്പെടുന്നു, ശക്തിയിൽ ഉയിർക്കുന്നു. പ്രാകൃതശരീരം വിതെക്കപ്പെടുന്നു, ആത്മീക ശരീരം ഉയിർക്കുന്നു. പ്രാകൃതശരീരം ഉണ്ടെങ്കിൽ ആത്മിക ശരീരവും ഉണ്ട് 1 കൊരിന്ത്യർ 15:35–44''.

മനുഷ്യ ശരീരത്തെക്കുറിച്ചുള്ള മറ്റൊരു സത്യം.. അത് ദിവസേന മരിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. ജനനദിവസം മുതൽ മരണം വരെ പല തരത്തിലുള്ള മാററങ്ങൾ ശരീരത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. വാർദ്ധക്യത്തിൽ മുടി നരച്ച്, കാഴ്ചക്കുറവും, കേൾവിക്കുറവും ഉണ്ടാകുകയും തൊലി ചുളുങ്ങിപ്പോകുകയും ചെയ്യുന്നു. പക്ഷേ അപ്പോസ്തലന്റെ വാക്കുകൾ ഈ സാഹചര്യത്തിൽ വളരെ ശ്രദ്ധേയമാണ്.... ''അതുകൊണ്ട് ഞങ്ങൾ ആധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. നൊടി നേരത്തേയ്ക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല; കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നതു താല്ക്കാലികം, കാണാത്തതോ നിത്യം. 2 കൊരിന്ത്യർ 4:16–18''.

ഇങ്ങനെ യഥാർത്ഥമായ ക്രിസ്ത്യാനിയുടെ ജീവിതത്തോടുള്ള കാഴ്ചപ്പാട് വ്യത്യസ്തമായിരിക്കുന്നു. ഓരോ ദിവസവും തന്റെ ജഡീക ജീവിതം ക്ഷയിച്ചു കൊണ്ടിരിക്കുന്നുവെന്നും.... കൂടാതെ കർത്താവായ യേശുക്രിസ്തുവിനോടൊപ്പമുള്ള നിത്യമായ ഒരു ജീവിതത്തിനായി ആത്മീകമായി താൻ ഒരുക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നും ക്രിസ്ത്യാനി മനസ്സിലാക്കുന്നു.

അപ്പോസ്തലനായ പൗലോസിന്റെ കാലത്ത് പുനരുത്ഥാനത്തിൽ വിശ്വാസമില്ലാത്ത കൂട്ടരുണ്ടായിരുന്നു. അവരോടായി പൗലോസ് ഇപ്രകാരം പറഞ്ഞു. '' മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ക്ര

സ്തുവും ഉയിർത്തെഴുന്നേററിട്ടില്ല. ക്രിസ്തു ഉയിർത്തെഴുന്നേററിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. മരിച്ചവർ ഉയിർക്കുന്നില്ല എന്നു വരികിൽ ദൈവം ഉയിർപ്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ അവൻ ഉയിർപ്പിച്ചു എന്നു ദൈവത്തിന് വിരോധമായി സാക്ഷ്യം പറകയാൽ ഞങ്ങൾ ദൈവത്തിന് കള്ളസാക്ഷികൾ എന്നു വരും. മരിച്ചവർ ഉയിർക്കുന്നില്ല എങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല. ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി. നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ. എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നും ഉയർത്തിരിക്കുന്നു. 1 കൊരിന്ത്യർ 15:12–20''.

ഒരു ക്രിസ്ത്യാനിയെ ഈ പ്രത്യാശ ജീവിത വിജയത്തിനും, എല്ലാ സാഹചര്യങ്ങളെയും നേരിടുവാനും സഹായിക്കുന്നു വെങ്കിൽ ക്രിസ്ത്യാനിയല്ലാത്ത ഒരു വ്യക്തിയ്ക്ക് തന്റെ ജീവിതത്തിനപ്പുറമായോ, ജീവിതത്തിലോ പ്രത്യാശ വയ്ക്കുവാൻ ഒന്നും ഉണ്ടാകുകയില്ല.

ക്രിസ്തു അരുളിച്ചെയ്ത മറെറാരു കാര്യം നാം എല്ലാവരും എപ്പോഴും ഓർമ്മിക്കേണ്ടതാണ്. അതായത്—എല്ലാ മനുഷ്യരും ഉയിർത്തെഴുന്നേല്ക്കും—എന്ന് ഭൂരിപക്ഷവും മരണത്തിനപ്പുറം ഒരു ജീവിതമുണ്ടെന്ന് വിശ്വസിക്കാത്തതിനാൽ ഇതിനുവേണ്ടി ഒരുങ്ങിയവരായിരിക്കുകയില്ല. പക്ഷേ പുനരുത്ഥാനം ഉണ്ടാകുമെന്നതിന് മാററമില്ല. ഈ വാക്കുകൾ ശ്രദ്ധിക്കുക—''ഇതിങ്കൽ ആശ്ചര്യപ്പെടരുതു; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു. യോഹന്നാൻ 5:28-29''

ദൈവവചനത്തിൽ മൂന്നു തരത്തിലുള്ള മരണങ്ങളെക്കുറിച്ചു പറയുന്നു. തിരുവചനത്തിൽ പ്രതിപാദിച്ചിട്ടുള്ള ഈ മൂന്നു മരണങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

1. നാം ക്രിസ്ത്യാനികളായിത്തീരേണ്ടതിന് പാപത്തോട് നാം മരിക്കുന്നു. പാപ സ്വഭാവത്തോടു മരിക്കുക എന്നാൽ, പാപം ചെയ്യുന്നതിനോടു മാനസാന്തരപ്പെടുകയും ആ വഴികളിൽ നിന്ന് തിരിയുകയും ചെയ്യുന്നു എന്നാണ് അർത്ഥമാക്കുന്നത്. മനുഷ്യർ തങ്ങളുടെ പാപങ്ങളെക്കുറിച്ച് മാനസാന്തരപ്പെടണം എന്ന് അനേക വചനങ്ങളിലൂടെ ദൈവം ചൂണ്ടികാട്ടിയിരിക്കുന്നു. ( പ്രവൃത്തികൾ 17:30,

ലൂക്കോസ് 13:3 ). ഒരു വ്യക്തി സ്നാനമേൽക്കുമ്പോഴ് അതായത് കർത്താവിന്റെ ആജ്ഞയോടുള്ള അനുസരണമായി വെള്ളത്തിൽ അടക്കപ്പെടുമ്പോഴ് ആ മനുഷ്യന്റെ പാപങ്ങൾ കഴുകപ്പെടുകയും പുതിയ ഒരു വ്യക്തിയായിത്തീരുകയും ചെയ്യുന്നു. ( അപ്പോസ്തല പ്രവൃ: 22:16 ). ഇതാണ് യോഹന്നാൻ 3:3–5 ൽ കാണുന്ന വീണ്ടും ജനനം. ഇങ്ങനെ ഒരു വ്യക്തി ക്രിസ്തുവിൽ പുതിയ സൃഷ്ടിയായി തീരുന്നു. ( 2 കൊരിന്ത്യർ 5:17 ). സ്നാനത്തിലൂടെയാണ് ഒരുവൻ ക്രിസ്തുവിൽ ആയിതീരുന്നത് ( റോമർ 6:3,4 ഗലാത്യർ 3:26,27 ). അതിന് ആവശ്യമായിട്ടുള്ളത്–കർത്താവിനോടുള്ള അനുസരണം, പാപത്തോടുള്ള മരണം, ജലത്താലുള്ള അടക്കം എന്നിവയാണ്. ഇത്തരത്തിലുള്ള ഒരു മരണം എല്ലാ മനുഷ്യരും സ്വീകരിക്കുവാൻ കടപ്പെട്ടവരാണ്. ഇത്തരത്തിലുള്ള പാപത്തിനോടുള്ള മരണം സ്വീകരിക്കാത്തവർ ആത്മീയമായി ഈ ലോകത്തിലോ, ക്രിസ്തുവിനോടു കൂടെയോ ജീവിക്കുവാൻ യോഗ്യതയുള്ളവരല്ല.

2. ഭൗതികമായ മരണം.–ശരീരത്തിൽ നിന്നും ജീവൻ വേറിടുന്ന സമയം. എബ്രായ ലേഖകൻ എഴുതുന്നു. "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കയാൽ....എബ്രായർ 9:27. യാക്കോബിന്റെ ഭാഷയിൽ..."നമ്മുടെ ജീവൻ....അല്പ നേരത്തേക്ക് കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയാണ് എന്ന് ഓർമ്മിപ്പിക്കുന്നു. ( യാക്കോബ് 4:14 ). ഇയ്യോബ് ജീവിതത്തെ കണ്ടത് "സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പായുസ്സുള്ളവനും കഷ്ട സമ്പൂർണ്ണനും ആകുന്നു....( ഇയ്യോബ് 14:1 )'' എന്നാണ്. ഒരു മനുഷ്യൻ ദൈവത്തെ അനുസരിച്ച് ദൈവ പൈതലായി തീർന്നാലും ഇല്ലെങ്കിലും മരണത്തെ നേരിടേണ്ടിവരുന്നു. ശരീരവും ആത്മാവും വേർതിരിക്കപ്പെടുന്നു. ( യാക്കോബ് 2:26 ). ശരീരം പൊടിയിലേയ്ക്ക് മടങ്ങിച്ചേരുകയും ആത്മാവ് നല്കിയ ദൈവത്തിങ്കലേയ്ക്ക് തിരിച്ചെത്തുകയും ചെയ്യുന്നു ( സഭാപ്രസംഗി 12:7 ). അതായത് നിത്യമായ വാസസ്ഥാനം തീരുമാനിക്കപ്പെടുന്നതിനായി ആത്മാവ് ദൈവസന്നിധിയിൽ എത്തുന്നു. നീതിമാന്മാർ നിത്യജീവങ്കലേയ്ക്കും ദുഷ്ടന്മാർ നിത്യദണ്ഡനത്തിലേയ്ക്കും അയക്കപ്പെടുന്നു. ( മത്തായി 25:46 ).

* * * *

3. അവസാനമായി 'രണ്ടാമത്തെ മരണം' അല്ലെങ്കിൽ 'നിത്യമായ മരണം' യോഹന്നാൻ പറഞ്ഞു–"മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതികാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും വെളിപ്പാട് 20:14,15''. കൂടാതെ യോഹന്നാൻ ഇപ്രകാരം തുടരുന്നു "എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെ

ക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം—വെളിപ്പാട് 21:8'' ഇത് ആത്മീയമായതും, നിത്യവുമായ ഒരു മരണമാണ്...നിത്യമായി, എന്നന്നേക്കുമായി ഒരു വ്യക്തി കർത്താവിൽ നിന്നും വേർതിരിക്കപ്പെടുന്നു. ഈ വേർപാട് അന്തിമമാണ്. ഇങ്ങനെയുള്ള ഒരു ന്യായവിധി ഒരിക്കലും നേരിടാതിരിക്കുവാൻ നാം ഓരോരുത്തരും കരുതലോടുകൂടി ജീവിതത്തെ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

നാം ഓരോരുത്തരും ഇവിടെ വിവരിച്ച ഈ മൂന്നു മരണങ്ങളിൽ ഒന്നോ അതിലധികമോ അനുഭവിക്കേണ്ടവരാണ്. ഭാവിയിൽ നമുക്കുണ്ടാകുവാൻ, നേരിടുവാൻ പോകുന്ന വിധികൾക്കായി നമുക്കു ഇപ്പോൾ തന്നെ ഒരുങ്ങാം. പാപസ്വഭാവത്തോട് നാം മരിക്കുകയും, ദൈവത്തെ എതിരേല്ക്കുവാനായി കാത്തിരിക്കുകയും ചെയ്യുന്നവരാണ് എങ്കിൽ ഭൗതികമായ മരണം ഒരിക്കലും ഭയാനകവും, വേദനാജനകവുമല്ല. ഭൗതികമായ മരണത്തിന് മാത്രമേ നാം ഒരുങ്ങി ഇരിക്കുന്നുള്ളു എങ്കിൽ 'രണ്ടാമത്തെ' മരണത്തെക്കുറിച്ച് നാം ഭയപ്പെടണം. പാപത്തിൽ മരിച്ച് നാം ക്രിസ്തുവിലായി തീർന്നാൽ ക്രിസ്തുവിനോടൊപ്പം നാം എന്നന്നേക്കുമായി ജീവിക്കും. ഈ സത്യത്തെക്കുറിച്ച് പൗലോസ് പറയുന്നത് ശ്രദ്ധിക്കുക—''ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്തെയും ധരിക്കേണം.

ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത്, അമർത്യത്തെയും ധരിക്കുമ്പോൾ 'മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്നു എഴുതിയ വചനം നിവൃത്തിയാകും. ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ നിന്റെ വിഷമുള്ളു എവിടെ? മരണത്തിന്റെ വിഷമുള്ളു പാപം; പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം, നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തിരം നമുക്ക് ജയം നല്കുന്ന ദൈവത്തിന് സ്തോത്രം 1 കൊരിന്ത്യർ 15:53, 57'' നിങ്ങളുടെ തീരുമാനം ഇന്നു തന്നെ എടുക്കുമോ?

* * * *

# ദൈവം പാപികളോടു്!

ജോൺ വാഡേ

യിസ്രായേൽ ജനത ബാബിലോൺ രാജ്യത്തിൽ തടവുകാരായി പാർക്കുമ്പോൾ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്—'ഞങ്ങളുടെ

അതിക്രമങ്ങളും പാപങ്ങളും ഞങ്ങളുടെ മേൽ ഇരിക്കുന്നു; അവയാൽ ഞങ്ങൾ ക്ഷയിച്ചുപോകുന്നു; ഞങ്ങൾ എങ്ങനെ ജീവിച്ചിരിക്കും...'' അവരുടെ ഈ വാക്കുകൾക്ക് ദൈവം പ്രവാചകനിലൂടെ നൽകിയ മറുപടി ഇപ്രകാരമായിരുന്നു—''എന്നാണ, ദുഷ്ടന്റെ മരണത്തിൽ അല്ല, ദുഷ്ടൻ തന്റെ വഴി വിട്ട് തിരിഞ്ഞു ജീവിക്കുന്നതിൽ അത്രേ എനിക്ക് ഇഷ്ടമുള്ളതെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്; നിങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ട് തിരിവിൻ, തിരിവിൻ; യിസ്രായേൽ ഗൃഹമേ, നിങ്ങൾ എന്തിന് മരിക്കുന്നു എന്നു അവരോട് പറക (യെഹെസ്കേൽ 33:10–11)''

പഴയനിയമഭാഗങ്ങളിൽ നിന്നും ദിവ്യമായ പല പാഠങ്ങളും നമുക്ക് പഠിക്കുവാൻ കഴിയും. എല്ലാ കാലങ്ങളിലും ദൈവം പാപികളെ എപ്രകാരം വീക്ഷിക്കുന്നു, കരുതുന്നു എന്ന് മേൽ ഉദ്ധരിച്ച വാക്യങ്ങളിൽ നിന്നും മനസ്സിലാക്കാം.

ദൈവത്തെ ഉപേക്ഷിച്ച മനുഷ്യന്റെ കഷ്ടത, നിരാശ വളരെ വ്യക്തമായി അവരുടെ വാക്കുകളിൽ കാണുന്നു ''ഞങ്ങളുടെ അതിക്രമങ്ങളും പാപങ്ങളും ഞങ്ങളുടെ മേൽ ഇരിക്കുന്നു...ഞങ്ങൾ എങ്ങനെ ജീവിച്ചിരിക്കും'' എല്ലാ തെറ്റുകളേയും അതിന്റെ ശിക്ഷ പിന്തുടരും എന്ന് പാപത്തിൽ ജീവിക്കുന്നവർ മനസ്സിലാക്കേണ്ടതാണ്. പാപം മനസ്സിനെ വ്രണപ്പെടുത്തുകയും ശരീരത്തെ നശിപ്പിക്കുകയും ചെയ്യുന്നു. ആത്മാവ് നഷ്ടമാവുകയും ജീവിതം തരം താഴ്ത്തപ്പെടുകയും ചെയ്യുന്നു. പാപ സ്വഭാവത്തിലൂടെ ദൈവത്തിന്റെ അംഗീകാരമോ അനുഗ്രഹമോ ലഭിക്കുന്നതിൽ നിന്നും പാപം മനുഷ്യനെ തടയുന്നു. ദുഷ്ടന്മാർക്ക് ഒരിക്കലും സമാധാനമുണ്ടാകുകയില്ല (യെശയ്യാവ് 57:21) എന്ന് തിരുവചനം വ്യക്തമാക്കുന്നു. വഹിക്കുവാൻ കഴിയുന്നതിലും ഭാരമേറിയ ചുമടാണ് പാപം നൽകുക. മനസ്സാക്ഷിയും ഹൃദയവും ഇതിന്റെ സ്വാധീനത്താൽ കാഠിന്യപ്പെടുന്നു. പല പാപികളും ഈ ദോഷവശങ്ങളെക്കുറിച്ച് ചിന്തിക്കാതെ പാപത്തിൽ തന്നെ മുഴുകി കഴിയുന്നു.

ഈ ലോകത്തിന്റെ ദൈവം (പിശാച്) ഇങ്ങനെയുള്ളവരുടെ മനസ്സ് അന്ധമാക്കി (2 കൊരിന്ത്യർ 4:4). പാപം എപ്പോഴും നഷ്ടത്തിലും, വേദനയിലുമാണ് അവസാനിക്കുക. ''പൗലോസു തന്റെ പഴയ ജീവിതത്തെ ഉദ്ധരിച്ചുകൊണ്ട് രേഖപ്പെടുത്തിയതു പോലെ പാപികളായ എല്ലാ മനുഷ്യരും ഇപ്രകാരം നിലവിളിക്കേണ്ടിയിരിക്കുന്നു—'' അയ്യോ, ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും?'' (റോമർ 7:4).

പാപത്തിന്റെ ശിക്ഷ സ്വർഗ്ഗത്തിൽ നിന്ന് അഗ്നിയായി പെട്ടെന്ന് ഇറങ്ങി വരുകയില്ല. പക്ഷേ സാവധാനത്തിൽ പ്രവർത്തിക്കുന്ന വിഷത്തെപ്പോലെയാണ് അത് മനുഷ്യനെ നശിപ്പിക്കുന്നത്. ഇങ്ങനെയുള്ളവരോടുള്ള ദൈവത്തിന്റെ കാഴ്ചപ്പാട് എന്തെന്നു കൂടി നാം യെഹെസ്കേൽ 33:10–11 വരെയുള്ള വാക്യങ്ങളിൽ നിന്നു മനസ്സിലാക്കുന്നു. ദുഷ്ടന്മാരുടെ മരണത്തിൽ ദൈവത്തിനു യാതൊരു സന്തോഷവുമില്ല. നമ്മുടെ ഈ ലോകത്തിൽ ജീവിക്കുന്ന ഭൂരിപക്ഷം മനുഷ്യരും ഈ വാക്കുകൾ കേൾക്കേണ്ടതാണ്. അനേകർ പ്രതികാര പ്രതീകങ്ങളായ ദൈവ വിഗ്രഹങ്ങളെ ആരാധിക്കുന്നു. ഭീകരങ്ങളായ രൂപങ്ങളും, ചരിത്രങ്ങളും തങ്ങളുടെ ദൈവത്തെ ചുറ്റിപ്പറ്റി സൃഷ്ടിച്ച് ഭയപ്പെട്ട് കീഴടങ്ങുന്നവരാണ് അനേകരും. തിന്മ ചെയ്യുന്നവരെ നശിപ്പിക്കുക മാത്രമാണ് ദൈവത്തിന്റെ പ്രവൃത്തി എന്ന് അത്തരക്കാർ കരുതുന്നു. പക്ഷേ യഥാർത്ഥമായി ദൈവം എല്ലാ മനുഷ്യരോടും സ്നേഹമുള്ളവനാണ് (1 യോഹന്നാൻ 4:16).

ദൈവത്തിന്റെ പരിശുദ്ധമായ ഈ സ്നേഹം സകല മനുഷ്യർക്കും വേണ്ടി തന്റെ സ്വന്തം പുത്രനെ ബലിയായി നൽകിയതിലൂടെ വെളിവായി (യോഹന്നാൻ 3:16). പാപത്തിൽ നിന്ന് മനുഷ്യർ രക്ഷ പ്രാപിക്കേണ്ടതിനാണ് ദൈവം ഈ ത്യാഗം നിറവേറ്റിയത്. (റോമർ 5:8).

ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിവിൻ... നിങ്ങൾ എന്തിനായി മരിക്കുന്നു'' എന്നുള്ള വലിയ ഒരു വെല്ലുവിളിയും ഓരോ മനുഷ്യനുമായി ദൈവം നല്കിയിരിക്കുന്നു. മരണം എന്നത് ദൈവവും മനുഷ്യനും തമ്മിലുണ്ടായ ആത്മീയമായ അകൽച്ചയാണ്... പാപത്താലാണ് ഈ അകൽച്ച ഉളവായത് (യെശയ്യാവ് 59:1–2, റോമർ 3:23, 6:23). പാപത്തിൽ മുഴുകി ജീവിക്കുന്ന തന്റെ മനുഷ്യരോട് തിരിച്ചുവരുവാൻ ദൈവം അപേക്ഷിക്കുന്നു.

മനുഷ്യന്റെ രക്ഷയ്ക്ക് മാനസാന്തരം വളരെ അത്യാവശ്യമാണ്. പാപത്തിൽ മുഴുകി ജീവിച്ചിരുന്ന നിനവേ ദേശക്കാരോടുള്ള യോനയുടെ പ്രസംഗം മാനസാന്തരപ്പെടുക എന്നതായിരുന്നു. (യോന 3:10). ദൈവരാജ്യം സമീപിച്ചിരിക്കയാൽ എല്ലാവരും മാനസാന്തരപ്പെടുക എന്നായിരുന്നു യോഹന്നാൻ സ്നാപകന്റെ പ്രസംഗത്തിന്റെ സാരം (മത്തായി 3:1). മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നേ നശിച്ചുപോകും എന്ന് ക്രിസ്തു ജനങ്ങളോട് പ്രസ്താവിച്ചു. (ലൂക്കോസ് 13:3). അപ്പോസ്തലന്മാരുടെയും പ്രസംഗത്തിന്റെ ഉള്ളടക്കം എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്നായിരുന്നു. (അപ്പോസ്തല

(പ്രവൃത്തി 17:30). മാനസാന്തരപ്പെടാത്ത പാപിയായ ഒരു വ്യക്തിയും രക്ഷയിലേക്ക് നടത്തപ്പെടുന്നില്ല.

മാനസാന്തരപ്പെടുക എന്നാൽ ദൈവത്തിങ്കലേക്ക് തിരിയുക എന്നാണ് അർത്ഥം. ഒരു വികാരപ്രകടനമോ, തീരുമാനത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്നതോ ആയ ഒന്നല്ല മാനസാന്തരം. 2 കൊരിന്ത്യർ 7:10–ൽ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക— "ദൈവഹിത പ്രകാരമുള്ള ദുഃഖം (പാപത്തെക്കുറിച്ച്) അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷക്കായി ഉളവാക്കുന്നു. ലോകത്തിന്റെ ദുഃഖമോ മരണത്തെ ഉളവാക്കുന്നു." ഹൃദയ നിരൂപണങ്ങളുടെയും ജീവിതശൈലിയുടെയും യഥാർത്ഥമായ ഒരു വ്യതിയാനമാണ് സത്യമായ മാനസാന്തരത്തിൽ സംഭവിക്കുന്നത്.

"കണ്ണുനീർ കൂടാതെയുള്ള ഹൃദയത്തിന്റെയും ജീവിതത്തിന്റെയും മാററമാണ് ശരിയായ മാനസാന്തരം. കണ്ണുനീരോടു കൂടിയ, ജീവിതത്തിന് മാററമില്ലാത്ത മാനസാന്തരം വെറും വികാര പ്രകടനം മാത്രം."

'നിങ്ങൾ എന്തിന് മരിക്കുന്നു' എന്ന ദൈവത്തിന്റെ ചോദ്യം വ്യക്തിപരമായി ഓരോ മനുഷ്യന്റെയും കാതുകളിൽ മുഴങ്ങേണ്ടതാണ്. മാനസാന്തരപ്പെടുവാൻ മടികാണിക്കുകയും അങ്ങനെ ദൈവത്തിന്റെ രക്ഷയെ നിരസിക്കുകയും ചെയ്യുന്ന മനുഷ്യൻ എത്രമാത്രം ബുദ്ധിഹീനമായാണ് പ്രവർത്തിക്കുന്നത്. മുങ്ങിച്ചാകുവാൻ തുടങ്ങുന്ന ഏതു വ്യക്തിയാണ് സഹായം വേണ്ടെന്നു പറയുക? അഭിമാനത്തിനും, സമൂഹത്തിലുള്ള മാന്യതക്കും കോട്ടം സംഭവിക്കും എന്നു ഭയന്ന് മാനസാന്തരപ്പെട്ട് ദൈവത്തെ അനുസരിക്കുവാൻ മടികാണിക്കുന്ന അനേകർ ഈ ഭൂമിയിൽ ജീവിക്കുന്നു.

അനുസരണത്തിന്റെ പ്രതിഫലം വ്യക്തമായി ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു. യഥാർത്ഥ ജീവിതം എത്ര മനോഹരമാണ്. ജീവിതത്തെ ശരിയായി മനസ്സിലാക്കുവാനും ജീവിക്കുവാനും കഴിയുമെങ്കിൽ, നമ്മുക്ക് ജീവിതം നൽകുവാൻ ദൈവം കടപ്പെട്ടിരിക്കുന്നു എന്ന് ചിന്തിച്ചുകൊണ്ട് ജീവിതത്തെക്കുറിച്ചുള്ള സത്യം മനസ്സിലാക്കുവാൻ മിനക്കെടാത്തവരാണ് അധികം പേരും. മരണത്തോട് അടുക്കുമ്പോഴാണ് പലരും തങ്ങളുടെ ജീവിതം നഷ്ടപ്പെട്ടതായി മനസ്സിലാക്കുന്നത്. ദൈവത്തിന്റെ ജനം സമൃദ്ധമായ ജീവിതം അനുഭവിക്കുന്നു (യോഹന്നാൻ 10:10).

ദൈവസ്നേഹമാകുന്ന രക്ഷയുടെ വെളിച്ചത്തിൽ കടന്നുവരുന്നതുവരെ ഒരു പാപി ജീവിതത്തിന്റെ സന്തോഷം കണ്ടെത്തുന്നില്ല. മരണത്തിനപ്പുറമുള്ള ജീവിതത്തെക്കുറിച്ചും വളരെ പ്രത്യാശയുള്ള

ഞെരുങ്ങിയവനായിരുന്നു പൌലോസ് ( ഫിലിപ്പിയർ 1:23 ). ഞങ്ങൾ ഒരിക്കലും മരിക്കുകയില്ല എന്നും, മരണത്തിനുശേഷം ജീവിതം എന്നൊന്നില്ല എന്നുമുള്ള തെറ്റായ ചിന്തയാൽ നിയന്ത്രിക്കപ്പെട്ടവരാണ് അനേകം മനുഷ്യരും; അവരുടെ പ്രവൃത്തികളും.

ദൈവത്തിന് ഒരു മനുഷ്യൻ പോലും നശിച്ചു പോകണമെന്ന് ആഗ്രഹമില്ല. എല്ലാവരും പാപത്തിൽ നിന്ന് പിൻതിരിഞ്ഞ് സത്യമായി ജീവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവവചനമനുസരിച്ച് യഥാർത്ഥ ക്രിസ്ത്യാനി ആയി തീർന്നിട്ടില്ലാത്ത എല്ലാവരും ഈ സത്യത്തെ പൂർണ്ണമായി മനസ്സിലാക്കി തങ്ങളുടെ ജീവിതത്തെ സമൃദ്ധവും, സമ്പൂർണ്ണവുമായ ജീവിതത്തിലേക്ക് നയിക്കുമെന്ന് വിശ്വസിക്കുന്നു.

---

# സ്നാനവും രക്ഷയും

**സ്റ്റീവ് വില്യംസ്**

സ്നാനം എന്നത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണല്ലോ. എബ്രായ ലേഖകൻ തന്റെ ലേഖനത്തിൽ ലളിതമായ രീതിയിൽ ക്രിസ്ത്യാനിത്വത്തിന്റെ ചില അടിസ്ഥാന തത്വങ്ങളെയും, സത്യത്തെയും പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ഒന്ന് സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശമാണ്....( എബ്രായർ 6:2 ). സ്നാനങ്ങളും ( ഒന്നിലധികം സ്നാനങ്ങളും ) എന്ന് ആണ് എഴുത്തുകാരൻ സൂചിപ്പിച്ചിരിക്കുന്നത്, എന്താണ് ഒന്നിലധികം സ്നാനങ്ങളെപറ്റി പരാമർശിക്കുവാൻ കാരണം? എഫെസ്യർ 4—ാം അദ്ധ്യായം 5—ാം വാക്യത്തിൽ നിന്നും 'സ്നാനം ഒന്ന്' എന്ന് നമ്മുക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടല്ലോ. യഹൂദമതത്തിൽ നിന്നും ക്രിസ്ത്യാനിത്വത്തിലേക്ക് കടന്നുവന്നവർക്കായിട്ടാണ് എബ്രായലേഖനം എഴുതിയിരിക്കുന്നത് എന്ന് നാം ഓർക്കണം. യഹൂദന്മാരായിരുന്ന അവർക്ക് പല തരത്തിലുള്ള കഴുകലും, സ്നാനവും പരിചയമുള്ളവരാണ്. അവരുടെ പഴയ മതപ്രകാരമുള്ള ആചാരപരമായ സ്നാനങ്ങളും....യഥാർത്ഥമായ ക്രിസ്തീയ സ്നാനവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടത് ആ യഹൂദന്മാർക്ക് ആവശ്യമായിരുന്നു. ഇപ്രകാരം എല്ലാ ക്രിസ്ത്യാനികളും വചനപ്രകാരമുള്ള ഏക ക്രിസ്തീയ സ്നാനത്തെക്കുറിച്ച് ശരിയായ അറിവുള്ളവരായിരിക്കേണ്ടതാണ്. നമ്മുടെ ഓരോരുത്തരുടെ സൗകര്യമനുസരിച്ച് വിശ്വസിക്കുവാൻ വേണ്ടിയുള്ള ഒരു കല്പനയല്ല; ദൈവം കല്പിച്ച സ്നാനം.

ഈ ലേഖനത്തിലൂടെ സ്നാനത്തിന്റെയും രക്ഷയുടെയും ബന്ധത്തെക്കുറിച്ച് പഠിക്കുവാൻ ശ്രമിക്കാം. സ്നാനം രക്ഷക്ക് ആവശ്യമായിരിക്കുന്നതിനാൽ ശരിയായ അറിവ് ആവശ്യമാണല്ലോ.

ആദ്യമായി—നാം ശരിയായ രീതിയിൽ സ്നാനമേല്ക്കപ്പെടുമ്പോൾ നാം ക്രിസ്തുവിനോടുകൂടി സ്നാനമേൽക്കുന്നു (അതായത് ക്രിസ്തുവിൽ ചേർക്കപ്പെടുന്നു). നാം എപ്രകാരം ക്രിസ്തുവിനെ വിശ്വസിക്കണം എന്നതിനെ പരാമർശിച്ച് അനേകം വേദഭാഗങ്ങൾ ഉദ്ധരിക്കുവാൻ കഴിയുമെങ്കിലും, ക്രിസ്തുവിനോടുകൂടി ഒരു വ്യക്തി എപ്രകാരം ചേർക്കപ്പെടുന്നു എന്ന സത്യം ചൂണ്ടികാണിക്കുന്ന പ്രധാനപ്പെട്ട രണ്ടു ഭാഗങ്ങൾ താഴെ ചേർക്കുന്നു.

പൗലോസിന്റെ വാക്കുകളിൽ—"ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏററിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. ഗലാത്യർ 3:27''

''അല്ല, യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏററവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏററിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ. റോമർ 6:3''

ഇങ്ങനെ സ്നാനം നമ്മെ ക്രിസ്തുവിൽ ആക്കി തീർക്കുന്നു. ഒരുവൻ വിശ്വസിച്ചാൽ മാത്രംമതി ആ വ്യക്തി ക്രിസ്തുവിൽ ആയി തീരും എന്നു വാദിക്കുന്നവരേ... സ്നാനത്തിലൂടെ ക്രിസ്തുവിൽ വീണ്ടും ആയിതീരുന്നതിനായി വിശ്വാസത്താൽ ക്രിസ്തുവിൽ ആയി തീർന്ന നാം ക്രിസ്തുവിൽ നിന്നും പുറത്താകേണ്ടി വരുമല്ലോ. ഇത് എങ്ങനെ ശരിയാകും....രണ്ടു പ്രാവശ്യം ക്രിസ്തുവിൽ ആയി തീരുക എന്നത് !

പക്ഷേ സത്യം എന്താണ് ? അതായത് വിശ്വാസം മാത്രമുള്ള ഒരു വ്യക്തി ക്രിസ്തുവിനോടുകൂടി ചേർക്കപ്പെടുന്നില്ല....നമ്മുടെ വിശ്വാസം പൂർണ്ണമാകുന്നത് ദൈവ കല്പനയായ സ്നാനത്തിനായി നാം അനുസരിക്കുമ്പോഴാണ്.

യേശു ക്രിസ്തുവിനോട് ചേരുവാൻ നാം സ്നാനമേൽക്കുന്നതിലൂടെ നാം അനുഗ്രഹങ്ങൾ നേടുന്നവരായിത്തീരുന്നു. പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക—"സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന....'' എഫെസ്യർ 1:3.

എല്ലാ ആത്മിക അനുഗ്രഹങ്ങൾക്കും നാം യോഗ്യതയുള്ളവരായി തീരുന്നത് നാം ക്രിസ്തുവിലായി തീരുന്നതുകൊണ്ട് മാത്രമാണ്, കാരണം....ക്രിസ്തുവിലാണ് ദൈവം നമ്മെ അനുഗ്രഹിക്കുന്നത്.

ക്രിസ്തുവിലൂടെ നമുക്ക് ലഭിക്കുന്ന ഒരു അനുഗ്രഹമാണ്—രക്ഷ. "ക്രിസ്തുയേശുവിലുള്ള രക്ഷ" (2 തിമൊഥെ 2:10). എന്നാ

ന്ന് അപ്പോസ്തലനായ പൗലോസ് രേഖപ്പെടുത്തിയിട്ടുള്ളത്. നാം ക്രിസ്തുവിന് പുറത്തായിരുന്നാൽ രക്ഷിക്കപ്പെട്ടവരായിരിക്കുകയില്ല. ക്രിസ്തുവാണ് രക്ഷകൻ; അവനിൽ മാത്രമാണ് രക്ഷ. സ്നാനത്താലാണ് നാം അവനോടുകൂടെ ചേർക്കപ്പെടുന്നത്.

രണ്ടാമതായി—യഥാർത്ഥമായി ഒരു വ്യക്തി സ്നാനമേൽക്കുമ്പോൾ ക്രിസ്തുവിന്റെ ശരീരത്തോടുകൂടി ആ വ്യക്തി ചേർക്കപ്പെടുന്നു. പൗലോസ് ഇപ്രകാരം പറയുന്നു—"...നാം എല്ലാവരും ഏക ശരീരമാകുമാറു ഒരേ ആത്മാവിനാൽ സ്നാനം ഏററു...." 1 കൊരിന്ത്യർ 12:13.

കർത്താവായ യേശുക്രിസ്തു തന്റെ മനുഷ്യ സാദൃശ്യമായ ശരീരത്തോടുകൂടി ഉയിർത്തെഴുന്നേററ് സ്വർഗ്ഗാരോഹണം ചെയ്തു.... പിന്നെ എങ്ങനെയാണ് അവന്റെ ശരീരത്തോട് നമ്മം സ്നാനപ്പെടുന്നത്? അതായത്, ക്രിസ്തുവിന്റെ ശരീരത്തോട് നാം സ്നാനമേൽക്കുക എന്നതിൽ നാം സഭയോടു ചേർക്കപ്പെടുന്നു. ഈ ഭൂമുഖത്ത് നിലനിൽക്കുന്ന സഭയാണ് ഇന്ന് ക്രിസ്തുവിന്റെ ശരീരം. പൗലോസ് ഈ സത്യത്തെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്... "അവന്റെ ശരീരമായ സഭ. എഫെസ്യർ 1:23" എന്നും 'ക്രിസ്തു, സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു കൊലൊസ്സ്യർ 1:18" എന്നും പറഞ്ഞിരിക്കുന്നു. വചനപ്രകാരം രക്ഷ നേടുന്ന വ്യക്തി ക്രിസ്തുവിന്റെ സഭയോടുകൂടി ചേർക്കപ്പെടുന്നു. ഒരുവൻ ആദ്യം രക്ഷിക്കപ്പെടുകയും പിന്നീട് സ്നാനമേൽക്കുകയും ചെയ്യുന്നു എന്ന ഉപദേശം സത്യമല്ല.

ഒരുവൻ സ്നാനമേൽക്കുന്നത് രക്ഷയ്ക്കുവേണ്ടിയായതിനാൽ ആ വ്യക്തിയെ കർത്താവ് ഉടൻ തന്നെ സഭയോട് ചേർക്കുന്നു. ആയതിനാൽ ക്രിസ്തുവിന്റെ ശരീരത്തോടു ചേരുന്നതിന് (സഭയോട്) ഒരുവൻ സ്നാനമേൽക്കുമ്പോൾ ആ വ്യക്തി രക്ഷ നേടുന്നു.

"ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്ക് തലയാകുന്നതുപോലെ... എഫെസ്യർ 5:23" ക്രിസ്തു തന്റെ ശരീരമാകുന്ന സഭയെ രക്ഷിക്കുന്നു. ആയതിനാൽ രക്ഷനേടുന്നതിനായി നാം അവന്റെ ശരീരത്തിൽ ചേർന്നിരിക്കേണ്ടത് ആവശ്യമാണ്. സ്നാനത്താൽ നാം അവന്റെ ശരീരമാകുന്ന സഭയിൽ ചേർക്കപ്പെടുന്നു. സഭയല്ല നമ്മെ രക്ഷിക്കുന്നത്, പിന്നെയോ ക്രിസ്തുവത്രേ.

മൂന്നാമതായി—നമ്മുടെ സ്നാനത്തിൽ നാം ക്രിസ്തുവിന്റെ മരണത്തോട് സ്നാനപ്പെടുന്നു. "യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏററവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏററിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ. റോമർ 6:3" ചരിത്രപ്രസിദ്ധമായ ഒരു സംഭവമാണല്ലോ ക്രിസ്തുവിന്റെ മരണം. ഇരുപതാം നൂററാണ്ടിൽ ജീവിക്കുന്ന

നമുക്ക് എങ്ങനെ ക്രിസ്തുവിന്റെ മരണത്താൽ സ്വാധീനിക്കപ്പെടാം ? അവന്റെ മരണത്തിൽ നാം സ്നാനത്താൽ പങ്കാളികളായിതീരുന്നു എന്ന് ദൈവ വചനം പറയുന്നു.

ക്രിസ്തുവിന്റെ രക്തത്തിന്റെ പ്രവർത്തനം നമ്മിലുണ്ടാകുന്നതിനും, ആ രക്തവുമായി ബന്ധപ്പെടുന്നതിനും കഴിയുന്നത് ഇപ്രകാരം ക്രിസ്തുവിന്റെ മരണത്തോട് നാം സ്നാനമേൽക്കുമ്പോഴാണ്.

''രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല. എബ്രായർ 9:22'' രക്ഷയ്ക്ക് വളരെയധികം പ്രാധാന്യമുള്ള ഘടകമാണ് ക്രിസ്തുവിന്റെ രക്തം. ആ രക്തത്തോട് നമ്മൾ ബന്ധപ്പെടേണ്ടിയിരിക്കുന്നു.

''അവന്റെ അടിപ്പിണരാൽ നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു (1 പത്രോസ് 2:24)'' ആയതിനാൽ ക്രിസ്തുവിന്റെ രക്തത്തോട് ബന്ധപ്പെടുന്നതിന് ക്രിസ്തുവിന്റെ മരണത്തോട് നാം സ്നാനപ്പെടേണ്ടിയിരിക്കുന്നു.

ഈ വചനങ്ങൾ ശ്രദ്ധിക്കുക—''അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ... റോമർ 5:9''

''അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ട് എഫെസ്യർ 1:7''

നാലാമതായി—നാം സ്നാനമേൽക്കുമ്പോൾ ക്രിസ്തുവിന്റെ നാമത്തോട് കൂടി ചേർക്കപ്പെടുന്നു. തന്റെ വലിയ ആജ്ഞാപനത്തിൽ ക്രിസ്തു അരുളിച്ചെയ്ത വാക്കുകൾ ശ്രദ്ധിക്കുക—''യേശു അടുത്തുചെന്നു; സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ....'' മത്തായി 28:18–20''.

ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കണം എന്നത് ഒരു കല്പനയാണല്ലോ. ക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽക്കുക എന്ന പ്രയോഗത്തിന്റെ ശരിയായ അർത്ഥം—നാം ക്രിസ്തുവിനുള്ളവരായിതീരുന്നു (his possession, his property) എന്നാണ്.

പാപമോചനം പ്രാപിക്കുന്നതിനുവേണ്ടി നാം ക്രിസ്തുവിനുള്ളവരായിതീരണം. ക്രിസ്തുവിന്റെ നാമത്തിൽ മാത്രമാണ് പാപമോചനം ലഭിക്കുന്നത്. ''അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്ന് സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു. അപ്പോസ്തല പ്രവർത്തികൾ 10:43''.

"അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരൂശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു. ലൂക്കോസ് 24:47" മറ്റൊരിടത്ത് വചനം ഇപ്രകാരം പറയുന്നത് ശ്രദ്ധിക്കുക— "മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല. പ്രവൃത്തികൾ 4:12" "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ എവനും രക്ഷിക്കപ്പെടും എന്നു ദൈവം അരുളിച്ചെയ്യുന്നു. പ്രവൃത്തികൾ 2:21" "എഴുന്നേറ്റു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകി കളക... പ്രവൃത്തികൾ 22:16"

പ്രിയസുഹൃത്തേ, സ്നാനം രക്ഷക്കായി എത്രമാത്രം ആവശ്യമുള്ളതാണ് എന്ന് താങ്കൾ മനസ്സിലാക്കി എന്നു കരുതുന്നു. സ്നാനത്താൽ ഒരുവൻ ക്രിസ്തുവിനോടും, അവന്റെ ശരീരത്തോടും, മരണത്തോടും, അവന്റെ അധികാരത്തിനോടും ( നാമത്തിനോടും ) ചേർക്കപ്പെടുന്നു എന്നു വ്യക്തമായല്ലോ. സ്നാനത്താൽ ഒരുവന് സ്വർഗ്ഗീയ അനുഗ്രഹങ്ങളും, സഭയിലേയ്ക്കുള്ള പ്രവേശനവും, ക്രിസ്തുവിന്റെ രക്തത്തോടുള്ള ബന്ധവും പാപമോചനവും ലഭിക്കുന്നു. വചനപ്രകാരം ക്രിസ്തുവിൽ വിശ്വസിച്ചു, പാപങ്ങളെക്കുറിച്ച് മാനസാന്തരപ്പെട്ട്, ക്രിസ്തുവിനെ ഏറ്റു പറഞ്ഞ് ജലത്താൽ നിങ്ങൾ സ്നാനമേറ്റിട്ടുണ്ടോ? ഉടൻ തീരുമാനമെടുക്കുക. ദൈവം നിങ്ങളെ സഹായിക്കട്ടെ.

* * *

## പണത്തോടുള്ള സ്നേഹം

സകല വിധ ദുഷ്ടതയുടെയും അടിസ്ഥാന കാരണം പണമാണെന്നു ബൈബിൾ പഠിപ്പിക്കുന്നുവെന്നു ആളുകൾ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ ഇതു സത്യമല്ല എന്നതു തന്നെ. പിന്നെ ബൈബിൾ ഇവിടെ എന്തു പഠിപ്പിക്കുന്നു? "നാം ഇഹലോകത്തിലേക്കു ഒന്നും കൊണ്ടുവന്നിട്ടില്ല; ഇവിടെ നിന്നു യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക. ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാര നാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൌഢ്യവും ദോഷകരമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിനും മൂലമല്ലോ. ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടുഴന്നു ബഹു ദുഃഖങ്ങൾക്കു അധീനരായിത്തീർന്നിരിക്കുന്നു." (1 തിമോത്തി 6:7–10) അതുകൊണ്ട് ബൈബിൾ പഠിപ്പിക്കുന്നത് പണത്തെയല്ല; എന്നാൽ പണത്തോടുള്ള സ്നേഹം സകല വിധ

( ശേഷം 16–ാം പേജിൽ )

# വാർത്തകൾ

## പലവിധ നഷ്ടം

ഒരു വ്യക്തി പുക വലിച്ചാൽ, പണം നഷ്ടം, ആരോഗ്യം നഷ്ടം, സമയം നഷ്ടം എന്നിങ്ങനെ നഷ്ടത്തിന്റെ പട്ടിക വളരെയാണ്. ഒരാൾ മുപ്പതു വർഷം പുകവലിച്ചാൽ ലക്ഷം രൂപയാണത്രേ നഷ്ടമുണ്ടാകുന്നത് പുകച്ചുകളയുന്ന പണമുണ്ടെങ്കിൽ ഒരു കുട്ടി ഡോക്ടറോ എഞ്ചിനിയറോ ആകുവാൻ മതിയാകും എന്നത്രേ പുകവലി നിരോധന സമ്മേളനം വ്യക്തമാക്കിയത്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശാന്തകുമാരി സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

## ദൈവ പ്രീതിക്കു ഹോമം

നാടെങ്ങും നവരാത്രിയാഘോഷത്തിന്റെ പരിസമാപ്തി വേളയിലായിരുന്നു. ത്രിലോക്പുരിയിലെ കൊച്ചു വീട്ടിൽ മുത്തച്ഛനരികെ കിടന്നുറങ്ങുകയായിരുന്ന കവിത എന്നൊരു വയസ്സു മാത്രം പ്രായമുള്ള കുട്ടിയെ ഹോമിച്ചത്, ഒരു സ്ത്രീക്കു് അങ്ങനെ ചെയ്താൽ ഗർഭമുണ്ടാകുമെന്ന അന്ധവിശ്വാസത്താലായിരുന്നു. ശിശുവിനെ അപഹരിച്ചിട്ടാണ് വെറും ഊമ വിഗ്രഹത്തിന്റെ മുൻപിൽ ഈ മനുഷ്യക്കുരുതി.

## പുകവലി മാററാൻ

പുകവലി ശീലം ഇല്ലാതാക്കാൻ 98 ശതമാനവും ഫലപ്രദമായ ഒരു സുഗന്ധദ്രവ്യം ചൈനയിലെ ഡോക്ടർമാർ കണ്ടുപിടിച്ചിരിക്കുന്നു. ബീജിംഗിലെ പരമ്പരാഗത ചൈനീസ് മെഡിസിൻ ക്ലിനിക്കൽ ഇമ്മ്യൂണിററി റിസർച്ചു സെന്ററിൽ നടന്ന ഗവേഷണമാണ് ഈ സുഗന്ധ ദ്രവ്യശ്വസനം വെളിപ്പെടുത്തിയത്. ദിവസം 20 മിനിററു പ്രകാരം മൂന്നു ദിവസം തുടർച്ചയായി ശ്വസിച്ചാൽ പുകവലിശീലം ഇല്ലാതാവുമത്രേ.

ദുഷ്ടതകളുടെയും അടിസ്ഥാനമാകുന്നു. എന്നാണ്. ഇതു രണ്ടും വ്യത്യസ്തമാണ്.

നമ്മുടെ ജീവിതത്തിൽ പണം അത്യാവശ്യമാകുന്നു. നമ്മുടെ സർക്കാർ പണം ആവശ്യപ്പെടുന്നു, നമ്മുടെകുടുംബങ്ങളും വ്യക്തികളും അതുപോലെ തന്നെ ജീവിക്കുവാനും, യാത്ര ചെയ്യാനും നാം പണത്തെ ആശ്രയിക്കുന്നു. ശാരീരിക വൈകല്യമുള്ളവർക്കു ഉണ്ടാകുന്ന വിവിധ ആവശ്യങ്ങൾ നേരിടുന്നതിനു വിവിധ മാർഗ്ഗങ്ങളിലൂടെ പണം സ്വരൂപിക്കുന്ന സൊസൈറ്റികളും സംഘടനകളും ഇന്നു് നമ്മുടെ ഇടയിൽ ഉണ്ട്. പണം അംഗവൈകല്യമുള്ള മനുഷ്യരെ രക്ഷിക്കുന്നതിനു മാത്രം ഉപകരിച്ചാൽ പോരാ, നഷ്ടപ്പെട്ട ആത്മാക്കളെ, ദൈവ പുത്രന്റെ വചനങ്ങളാൽ രക്ഷിക്കുന്നതിനും അവരുടെ അടുക്കൽ എത്തുന്നതിനും പണം നമുക്കു ആവശ്യമായിരിക്കുന്നു. ക്രിസ്തു ഒരിക്കൽ പറയുകയുണ്ടായി ''മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു.'' (മത്തായി 4:4) മനുഷ്യൻ ജീവിക്കുന്നതിനും ആത്മിജീവിക്കുന്നതിനും ശാരീരിക കാര്യങ്ങൾ ആവശ്യമായിരിക്കുന്നതുപോലെ രക്ഷപ്പെടുന്നതിനും നിത്യമായി ജീവിക്കുന്നതിനും അവനു് ദൈവ വചനം കൂടി ആവശ്യമായിരിക്കുന്നു. രക്ഷയുടെ വാക്കുകൾ ദൈവാത്മാവ് പൊതു മീറ്റിംഗുകളിലൂടെയും ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളിലൂടെയും ബൈബിൾ ഗ്രന്ഥങ്ങളിലൂടെയും നിങ്ങളോടു പ്രസംഗിക്കപ്പെട്ടേക്കാം. ദൈവ വചനങ്ങൾ റേഡിയോയിലൂടെയും കാണാനും കേൾക്കാനും കഴിയുന്ന മാധ്യമങ്ങളിലൂടെയും നിങ്ങളെ അറിയിച്ചേക്കാം. ഈ എല്ലാ കാര്യങ്ങൾക്കും പണം ആവശ്യമുള്ള ഒരു വസ്തുവാണ്. ക്രിസ്തു തന്റെ അനുഗാമികളോടു ലോകം മുഴുവൻ പോയിഓരോ ജീവിയോടും സുവിശേഷം പ്രസംഗിക്കുവാൻ ആജ്ഞാപിച്ചു. തദവസരത്തിൽ അവൻ പറഞ്ഞത് ''പോകുക'' എന്നാണ്. എന്നാൽ അവർ എങ്ങനെ പോകണമെന്നു് അവൻ പറഞ്ഞില്ല. അതിനാൽ ലഭിക്കാവുന്ന ഏതെങ്കിലും മാർഗ്ഗങ്ങളാൽ നമുക്കു യാത്ര ചെയ്യാം. ലഭിക്കാവുന്ന മാധ്യമങ്ങൾ നമുക്കു ഇതിനായി ഉപയോഗിക്കാൻ കഴിയും.എന്നാൽ നാം എല്ലാവരോടും സുവിശേഷം പ്രസംഗിക്കണം. എങ്ങനെയായാലും പണം കൂടാതെ ആയാൽ നാം നമ്മുടെ ശ്രമങ്ങളിൽ നിയന്ത്രിക്കപ്പെടും. അതുകൊണ്ട് ആഴ്ചയുടെ ഒന്നാം ദിവസം (ഞായറാഴ്ച) ആരാധനയ്ക്കു വരുമ്പോൾ അവരുടെ വരുമാനത്തിന്റെ തോതു് അനുസരിച്ച് പണം നൽകുന്നതിനു് ബൈബിൾ ക്രിസ്ത്യാനികളെ പ്രോത്സാഹിപ്പിക്കുന്നു. (1 കൊരിന്ത്യർ 16:1,2).

അതുകൊണ്ട് പണം ദുഷ്ടതയോ, സകലവിധ ദുഷ്ടതകളുടെ അടിസ്ഥാനമോ അല്ല. എന്നാൽ പണത്തോടുള്ള സ്നേഹം ദുഷ്ടത പ്ര

വർത്തിക്കുന്നതിനു് മനുഷ്യനെ പ്രേരിപ്പിക്കുന്നു. സകലവിധ പ്രലോഭനങ്ങളും സകലവിധ ദുഷ്ടതകളും പണത്തിനോ അല്ലെങ്കിൽ പണത്താൽ വാങ്ങാവുന്ന സാധനങ്ങൾക്കോ വേണ്ടിയുള്ള അത്യാർത്തിയുടെ ഫലങ്ങൾ ആകുന്നു. ആളുകൾ പണത്തെ സ്നേഹിക്കുന്നതിനായി കൊലപാതകം, കള്ളം, കൈക്കൂലി, വഞ്ചന, നിയമപരമല്ലാത്തതും പാപകരവുമായ ധാരാളം കാര്യങ്ങൾ പ്രവർത്തിക്കുന്നു. വീണ്ടും സാമൂഹ്യ പക്ഷപാതം, അഹന്ത, ഉല്ക്കർഷസ്നേഹം, സ്വാർത്ഥത, കാമാസക്തി ഇവ പണത്തിനോടുള്ള സ്നേഹത്തോടു കൂടി ചേർക്കപ്പെടുന്നു.

പണത്തിനോടുള്ള സ്നേഹത്താൽ പ്രതീക്ഷകളെ നഷ്ടപ്പെടുത്തിയവരേയും ഭൗതിക ധനത്തിൽ വിശ്വാസം അർപ്പിച്ചവരേയും ബൈബിളിൽ നാം വായിക്കുന്നു. അനനിയാസും സഫീറയും തന്നെ ഒരു ഉദാഹരണം. സഭയ്ക്കു കൊടുക്കുവാൻ തീരുമാനിച്ച പണത്തെക്കുറിച്ച് ദൈവത്തിന്റെ പരിശുദ്ധാത്മാവോടു കള്ളം പറഞ്ഞതിനാൽ ആകസ്മിക മരണത്താൽ അവർ ശിക്ഷിക്കപ്പെട്ടു (പ്രവർത്ത 5:1–11). ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഒരാളായ യൂദാസ് സ്കറിയോത്തായെ കുറിച്ചു നാം വായിച്ചു. മുപ്പതു വെള്ളിനാണയങ്ങൾക്കു വേണ്ടി (ഉദേശം 200 രൂപ) അവൻ ക്രിസ്തുവിനെ ശത്രുക്കളുടെ കൈയിൽ ഏല്പിച്ചുകൊടുത്തു! (മത്തായി 26:14–16). വീണ്ടും ലൂക്കോസിന്റെ 12–ാം അദ്ധ്യായത്തിൽ ധാരാളം സമ്പത്തുള്ള ഒരു ധനവാനെക്കുറിച്ചു ക്രിസ്തു ഒരു ഉപമ പറയുന്നു. എന്റെ ധനസമ്പത്തെല്ലാം ശേഖരിക്കുന്നതിനു് സ്ഥലമില്ലാത്തതിനാൽ ഞാൻ എന്തു ചെയ്യട്ടെയെന്നു സ്വയം അവൻ ചോദിച്ചു കൊണ്ട് അവയെല്ലാം എന്തു ചെയ്യണമെന്നു് ആസൂത്രണം ചെയ്യുന്നു. ഈ അവസരത്തിൽ ദൈവം അവനോടു പറഞ്ഞത് 'മൂഢാ ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കി വച്ചത് ആർക്കാകും?' ഇവിടെ ശ്രദ്ധിക്കുക. ദൈവം അവനെ മൂഢായെന്നു വിളിച്ചു. എന്തുകൊണ്ടെന്നാൽ അവൻ തന്റെ എല്ലാ ജീവിതവും സമയവും ശക്തിയും പണവും മററും ധനസമ്പത്ത് ഉണ്ടാക്കുന്നതിനു വേണ്ടി മാത്രം ഉപയോഗിച്ചു. എന്നാൽ അവൻ ഒരിക്കലും അവന്റെ ആത്മാവിനെക്കുറിച്ചു ചിന്തിക്കുകയോ ഈ ലോകത്തിലെ അവന്റെ ജീവിതത്തിനു ശേഷം എവിടെ പോയി നിത്യത്വത്തിൽ ജീവിക്കുമെന്നു് അവൻ ഒരിക്കലും ചിന്തിച്ചിട്ടുപോലുമില്ല. ഹായ്ഥാർത്ഥ്യം എങ്ങനെ!

മർക്കോസിന്റെ 10–ാം അദ്ധ്യായത്തിൽ മറെറാരു ധനവാന്റെ കഥ കാണുന്നു. അവൻ ഒരു ധനവാൻ മാത്രമല്ല മതാനുഷ്ടാനങ്ങൾ കൃത്യമായി ആചരിക്കുന്ന വ്യക്തികൂടിയാണ്. അവനിൽ അനേകം സത്ഗുണങ്ങൾ ഉണ്ടെന്നു കഥയിൽ നിന്നു വെളിപ്പെടുന്നു. അവന്റെ ആത്മാവിനെകുറിച്ചും സ്വർഗ്ഗത്തിലെ അവന്റെ നിത്യ ജീവിതത്തെ കുറിച്ചും അവൻ വളരെ താല്പര്യം കാണിച്ചിരുന്നു. മഹത്തായ ഒരു

ചോദ്യവുമായി അവൻ ക്രിസ്തുവിന്റെ അടുക്കൽ വന്നു. ചോദ്യം ഇതായിരുന്നു. സ്വർഗ്ഗത്തിൽ നിത്യജീവൻ അവകാശമായി ലഭിക്കുന്നതിനു് ഞാൻ എന്തു ചെയ്യണം ? അവൻ മതപരമായ അനേക ഗുണഗണങ്ങൾ തികഞ്ഞ ഒരു നല്ല ചെറുപ്പക്കാരൻ ആയിരുന്നിട്ടുപോലും ക്രിസ്തുവിന്റെ കണ്ണുകൾ അവന്റെ ഉള്ളിലേക്കു നുഴഞ്ഞു കയറി. യഥാർത്ഥ പ്രശ്നം കണ്ടു പിടിച്ചു. അതു മറ്റൊന്നുമല്ലായിരുന്നു. അവൻ ഈ ലോക ഭൗമിക ധനത്തിൽ അമിതമായി വിശ്വസിച്ചു. അവൻ അവന്റെ ആത്മാവിനെക്കുറിച്ചു ബോധമുള്ളവനായിരുന്നു. ദൈവത്തെ സന്തോഷിപ്പിക്കുവാൻ അവൻ ശ്രമിച്ചു. ഈ ലോക ജീവിതത്തിനുശേഷം സ്വർഗ്ഗരാജ്യത്തിലേക്കു കടക്കുവാൻ അവൻ വെമ്പൽ പൂണ്ടു. എന്നാൽ ഇവയെക്കാൾ കൂടുതലായി അവൻ ഈ ലോകത്തിലെ അവന്റെ മഹത്തായ സ്ഥാനത്തെ സ്നേഹിച്ചു. എന്തെങ്കിലും ന്യായമായ കാര്യങ്ങൾക്കു വേണ്ടിയോ എന്തെങ്കിലും ന്യായമായ കാര്യത്തിനോ നിത്യ ജീവിതത്തിനു വേണ്ടി പോലുമോ അവന്റെ ഈ ലോക ധനങ്ങളൊന്നും ഉപേക്ഷിക്കുവാൻ തയ്യാറല്ലായിരുന്നു. അതുകൊണ്ടു ദൈവം അവനോടു ഇങ്ങനെ പറഞ്ഞു. "ഒരു കുറവ് നിനക്കുണ്ടു; നീ പോയി നിനക്കുള്ളതു എല്ലാം വിറ്റു ദരിദ്രർക്കു കൊടുക്ക; എന്നാൽ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു എന്നെ അനുഗമിക്കുക" (മർക്കോസ് 10:21) പിന്നെ എന്തു സംഭവിച്ചു ? "അവൻ വളരെ സമ്പത്തുള്ളവൻ ആകകൊണ്ടു ഈ വചനത്തിൽ വിഷാദിച്ചു ദുഃഖിതനായി പൊയ്ക്കളഞ്ഞു:" (മർക്കോസ് 10 22). ഈ മനുഷ്യൻ ദുഃഖിതനായി നടന്നു കളഞ്ഞു. എന്തുകൊണ്ടെന്നാൽ അവൻ സ്വർഗ്ഗത്തിലെ നിത്യ ജീവനെക്കാൾ ഉപരി പണത്തേയും ഈ ലോക സുഖത്തേയും സ്നേഹിച്ചു. അവൻ ദൂരെ പോയ് കഴിഞ്ഞപ്പോൾ ക്രിസ്തു തന്റെ ശിഷ്യന്മാരെ താക്കീതു ചെയ്തു. "സമ്പത്തിൽ ആശ്രയിക്കുന്നവർ ദൈവ രാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴിയിലൂടെ കടക്കുന്നതു എളുപ്പം" (മർക്കോസ് 10:14, 25).

ആയതിനാൽ നിങ്ങളുടെ വിശ്വാസം എവിടെയാകുന്നു? ദൈവത്തിലോ അതോ പണത്തിലോ ? നിങ്ങൾ കൂടുതലായി എന്തിനെ സ്നേഹിക്കുന്നു, ദൈവത്തെയോ പണത്തേയോ ? രക്ഷകന്റെ വാക്കുകൾ പ്രകാരം രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുവനോടു പറ്റി ചേർന്നു് മറ്റവനെ നിരസിക്കും; നിങ്ങൾക്കു ദൈവത്തെയും മാമോനേയും സേവിപ്പാൻ കഴികയില്ല." (മത്തായി 6:24). സ്വയം ചിന്തിക്കൂ. പ്രവർത്തിക്കൂ.

# "വഞ്ചനപ്പെടാതിരിപ്പിൻ ദൈവത്തെ പരീക്ഷിക്കരുത്"

ചില വാക്യങ്ങൾ മററു അനേക വാക്യങ്ങളേക്കാൾ അധികം അറിയപ്പെടാത്തവയാണ്. അങ്ങനെയുള്ളതിൽ ഒന്നാണ് മുകളിൽ പറഞ്ഞവ. എങ്കിലും അവയിൽ സുപരിചിതവും വ്യക്തവുമായ സത്യം അടങ്ങിയിട്ടുണ്ട്. ധാർമ്മിക ജീവിതത്തെക്കുറിച്ചുള്ള സന്ദർഭത്തിലാണ് ഇത് വിവരിക്കുന്നത്. ''വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരീക്ഷിക്കരുത് (ഗലാത്യർ 6:7)'' ബിലെയാമിനെ പോലെ ജഡത്തിനനുസരിച്ചു ജീവിക്കുന്ന ചിലരുണ്ട്. അവർ നീതിമാന്മാരുടേതുപോലെ മരിക്കുന്നതും കാണാം (സംഖ്യാ പുസ്തകം 22:1—10). നീതിമാന്മാർക്കുള്ള ഫലം നാം അനുഭവിക്കണമെങ്കിൽ നാം നീതിയുള്ള വിതയായിരിക്കണം ചെയ്തിരിക്കേണ്ടത്.

വിതക്കേണ്ട സമയവും കൊയ്ത്തും ജീവിതത്തിന്റെ എല്ലാ വശങ്ങളിലും വാസ്തവം തന്നെ. സുവിശേഷകനായി ദൈവവേലയെ ലക്ഷ്യമാക്കി ഒരാൾ ലോകോളേജിൽ ചേർന്ന് പഠിക്കാറില്ലല്ലോ. ഒരു ഡോക്ടറാകാൻ ഉദ്ദേശിക്കുന്ന ആൾ ഭിഷഗ്വരനാകാനുള്ള കാര്യങ്ങൾ അല്ലെങ്കിൽ മനുഷ്യ ശരീരത്തിന്റെ പ്രവർത്തന ഘടനയെയും കേടുപാടുകളേയും പ്രതിവിധികളേയും, കുറിച്ചു പഠിക്കും. നിത്യജീവൻ ആഗ്രഹിക്കുന്ന തത്വത്തിലും ഇതു ബാധകമായിരിക്കും. സ്വർഗ്ഗത്തിൽ ഒരു ജീവിതത്തിനുവേണ്ടി ഒരുങ്ങുന്നവർ മററുള്ളവയെക്കുറിച്ചുള്ള നിയമാവലികളായിരിക്കുകയില്ല; മറിച്ച് നിത്യജീവൻ കരസ്ഥമാക്കുന്നത് എങ്ങനെയെന്നു പരിശോധിക്കും. അപ്രകാരം ഉള്ള ഒരു കണ്ടെത്തൽ അഥവാ പഠിത്തം അവരെ ലക്ഷ്യ പ്രാപ്തിയിലെത്തിക്കുന്നു....നമുക്കറിയാം, അതല്ലാത്തവർ പരാജിതരായിത്തീരും.

ഇതേ തത്വം നാം ബിസ്സിനസിൽ ഉപയോഗിക്കാറുണ്ടാകാം. ഒരു ബോട്ടോ ഒരു കാറോ അയക്കാതെ അതു തിരിച്ചു വരണമെന്ന് ആരും പ്രതീക്ഷിക്കാറില്ല. ജോലിയിൽ വിജയം നേടുവാനുള്ള ആഗ്രഹം വെച്ചു പുലർത്തുന്നവർ വിജയത്തിലെത്തുന്നു. ബഹു ജനങ്ങൾ അഥവാ ഭൂരിഭാഗവും ആളുകൾ ഇന്ന് ചിന്തിക്കുന്നത് കഠിനാദ്ധ്വാനത്തിന്റെ പ്രതിഫലത്തെക്കുറിച്ചാണ്. അദ്ധ്വാനത്തെക്കുറിച്ച് എന്തുകൊണ്ടോ മറക്കുകയാണ്. എന്നാൽ വിജയത്തിനുവേണ്ടി വാസ്തവമായി പ്രവർത്തിക്കുന്നവരുടെയിടയിൽ ചുരുക്കം ചിലർ പരാജയപ്പെടാറുമുണ്ട്. നല്ല രീതിയിൽ പഠിച്ച് പരാജയം ഏററു വാങ്ങുന്ന വിദ്യാർത്ഥികളും ഇല്ലാതില്ല. ഒരു ഫാക്ടറിയിൽ ജോലി ചെയ്യുന്നവരെല്ലാം തങ്ങളുടെ പ്രവൃത്തികളെക്കുറിച്ച് കരുതലുള്ളവര

ണെങ്കിൽ ഒരിക്കലും ഉല്പാദനത്തിന്റെ കാര്യത്തിൽ പുറകിൽ നിൽക്കേണ്ടിവരുകയില്ല. എല്ലാ അംഗങ്ങളും ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നവരാണെങ്കിൽ ഏതൊരു സ്ഥലത്തെ സഭയാണെങ്കിലും അത് വളരാതെയിരിക്കുകയില്ല. ധാരാളം പേർ വിജയത്തിനായി കാത്തിരിക്കുന്നു. പ്രവർത്തിക്കുവാൻ അവർ തയ്യാറല്ലതാനും. നിങ്ങളോ?

ദൈവം ആഗ്രഹിക്കുന്ന ജീവിതത്തെ പൂർണ്ണമായി പുതിയ നിയമം വെളിപ്പെടുത്തുന്നുണ്ട്. നാം വിതെക്കാത്തതു കൊയ്യാമെന്നോ, വിതെച്ചതു കൊയ്യാതിരിക്കാമെന്നോ ആരും പ്രതീക്ഷിക്കരുത് എന്നു പറയുമ്പോൾ അതു സംശയാതീതമായി തെളിയിക്കപ്പെട്ട വാസ്തവം മാത്രമാണ്. ഇതു രണ്ടു സത്യങ്ങളെ തെളിയിക്കുന്നു, എല്ലാവരും (1) വിതെച്ചതു തന്നെ കൊയ്യും (2) വിതെക്കാത്തതു ആരും കൊയ്യുകയുമില്ല എന്നതാണ് അവ. ദൈവമക്കളാകുവാനുള്ള ആഗ്രഹം കൊണ്ടുമാത്രം നാം ദൈവമക്കളായവരല്ല; മറിച്ച് ദൈവമക്കളാകുവാനുള്ള ദൈവത്തിന്റെ പ്രമാണം അനുസരിക്കുക കൊണ്ടാണ്. വീണ്ടെടുപ്പിൻ വിലയായ ക്രിസ്തുവിന്റെ രക്തത്തോട് ബന്ധപ്പെടുകയാലാണ് ദൈവം നമ്മെ വീണ്ടെടുക്കുന്നത്. ലോകത്തുള്ള മററു മനുഷ്യരേക്കാൾ വ്യത്യസ്ഥരായതുകൊണ്ടത്രെ നാം ഒരു പ്രത്യേക ജനമായി ദൈവം കാണുന്നത്. യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനമേററവരായതുകൊണ്ട് നാം ദൈവത്തിന്റെ ജോലിക്കാരത്രെ. നാം ക്രിസ്തുവിനുവേണ്ടി ജോലി ചെയ്യുന്നു. ഇവയെല്ലാം നിസ്സാരമായ കാര്യങ്ങളാണ്. വിതെക്കുന്നതു തന്നെ നാം കൊയ്യും. നാം വിതെക്കാതിരുന്നാൽ കൊയ്യുവാനും സാദ്ധ്യമല്ല.

നമുക്കറിയാം, അശ്രദ്ധ, മടി, പക്ഷഭേദം, നന്മചെയ്യുവാൻ ലഭിച്ച നല്ല അവസരങ്ങൾ ഒഴിവായിപ്പോവുക എന്നീ വിത്തുകൾ വിതെക്കുന്നതിന്റെ ഫലമെന്തായിരിക്കുമെന്ന്. സാധാരണ നിലത്തു വിതെക്കുന്ന ഒരു വിത്തിനെപ്പോലെയാണ് ഇതും. മുൻപറഞ്ഞ വിതെക്കും ഒരു കാലയളവിനുശേഷം കൊയ്ത്തുവരും. ചില മാതാപിതാക്കൾ തങ്ങളുടെ വിതയിൽ പരാജയപ്പെടുന്നവരുണ്ട്. ഉദാഹരണമായി അവർ തങ്ങളുടെ കുട്ടികളെ, നല്ലപ്രവൃത്തികൾ, ശരിയായ സ്വഭാവം, നല്ല അച്ചടക്കത്തോടുകൂടിയ ജീവിതശീലനം എന്നിവയിൽ ശുഷ്ക്കാന്തിയോടുകൂടെ വളർത്തുന്നില്ല. അതിനാൽ ആ കുട്ടികൾ വളർന്നു വരുമ്പോൾ മാതാപിതാക്കൾ കൊയ്യുവാൻ പോകുന്നതു കയ്പുള്ള അനുഭവമായിരിക്കും.

ഏതെങ്കിലും ഒരു വീട്ടിലെ ഒരാൾ ചെയ്ത ദുഷ്പ്രവൃത്തിയാൽ ആ ഭവനം തരംതാഴ്ന്നു കാണപ്പെടുമ്പോൾ അവിടത്തെ മാതാവോ പിതാവോ പറയുന്നത് കേൾക്കാം. "ഇതിനു മാത്രം ഞാൻ എന്തു തെററു ചെയ്തു" എന്നെല്ലാം. ഒരു പക്ഷേ ഒന്നും ചെയ്തിട്ടില്ലായിരിക്കാം. ചിലപ്പോൾ ഒന്നും ചെയ്യാതിരിക്കുന്നതു തന്നെ ഹൃദയ

ഭേദകങ്ങളായ സംഭവ വികാസങ്ങൾക്ക് കാരണമാകും. പ്രതിവിധികൾ ചെയ്യാമെന്നിരിക്കെ അതു ചെയ്യാതെ രോഗികളെ കൊല്ലുന്ന ആളുകളെക്കുറിച്ച് കേട്ടിട്ടില്ലേ? ഏതാണ്ട് അതുപോലെയാണ് ഇതും നമുക്ക് ചെയ്യുവാൻ കഴിവുള്ള കാര്യങ്ങൾ ആണ് നമ്മുടെ ഉത്തരവാദിത്വത്തിനായി കർത്താവ് നല്കിയിരിക്കുന്നത്. നാം അതു ചെയ്യാതിരുന്നാൽ നമ്മുടെ കൊയ്ത്ത് അതിന് തക്കവണ്ണമായിരിക്കും. വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരീക്ഷിക്കരുത്. ഒരു മനുഷ്യൻ വിതെക്കുന്നതു തന്നെ അവൻ കൊയ്യും. കർത്താവിനെ സേവിക്കുക, സുവിശേഷ വേല ചെയ്യുക എന്നെല്ലാം പറഞ്ഞാൽ അതിന്റെ അർത്ഥം എത്രമാത്രം വിലയുള്ളതാണ് എന്ന് നാം അറിഞ്ഞിരിക്കണം. ഒടുവിൽ അറിഞ്ഞില്ല എന്ന് പറയുവാൻ ഇട വരരുത്. ക്രിസ്തുവിലുള്ള വിശ്വാസം, അനുസരണം, വചനാനുസരണമുള്ള ജീവിതം അവന്റെ ജോലിയിലുള്ള വിശ്വസ്തത എന്നിവ ഇപ്പോൾ തന്നെ വിതച്ച് നിത്യജീവനും വാടാത്ത കിരീടവും കൊയ്ത്തിൽ ലഭിക്കും,

---

# "അവന്റെ കൃപയോ അധികം"

**ആനി ജോൺസൺ**

കവിത

ഭാരങ്ങൾ പെരുകിടുമ്പോൾ
ദൈവം തൻ കൃപയും പെരുകിടുന്നു.

ആവശ്യനേരങ്ങളിൽ തൻ ശക്തിയും
വേദനകളിൽ തൻ കരുണയും
പലവിധ ശോധനകൾ നടുവിൽ
അവൻ സാന്നിദ്ധ്യമോ; സമാധാനം.

അവൻ സ്നേഹത്തിനതിരുകളില്ല,
അവൻ കൃപയോ അളവില്ലുമധികം
മാനുഷർക്കറിയാൻ കഴിയുന്നതിലും
ബാഹുല്യമേറിയ ശക്തിക്കുറവിടം.

യേശുവിൽ എല്ലാം അധികമായ്;
അധികമായ്... നല്കും; നല്കും,
നല്കുന്നവൻ....ദൈവം.

# തിരുവചനത്തിലെ സഭ

## ഏഴാം ഭാഗം— സഭയിലേയ്ക്കുള്ള പ്രവേശനം

കഴിഞ്ഞ ഭാഗങ്ങളിൽ നിന്നും വിശദമായ രീതിയിൽ സഭയുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കി എന്നു വിശ്വസിക്കുന്നു. യേശുക്രിസ്തു സഭക്കുവേണ്ടി മരിക്കുകയും (എഫെസ്യർ 5:25). തന്റെ രക്തത്താൽ അതിനെ വിലക്ക് വാങ്ങിയെന്നും (പ്രവൃത്തികൾ 20:28), അങ്ങനെ സഭയുടെ രക്ഷകനായി (എഫെസ്യർ 5:23). തീർന്നുവെന്നും ദൈവവചനത്തിന്റെ വെളിച്ചത്തിൽ നാം കണ്ടുകഴിഞ്ഞുവല്ലോ.

പ്രാധാന്യമില്ലാത്ത എന്തിനെങ്കിലും വേണ്ടി കർത്താവ് മരിക്കുമോ? വിലയില്ലാത്ത ഒരു സഭക്കുവേണ്ടി തന്റെ രക്തം ചൊരിയുമോ? ഈ സഭക്ക് പുറത്തായിരിക്കുന്ന ഒരു വ്യക്തി രക്ഷിക്കപ്പെട്ടവനാണോ? ഈ ചോദ്യങ്ങൾക്കെല്ലാം 'ഇല്ല' എന്ന ഉത്തരമായിരിക്കും നിങ്ങൾ നല്കുക....അതു ശരിയായ ഉത്തരം തന്നെ.

പക്ഷെ അനേകർ ഇന്ന് ക്രിസ്തുവിന്റെ ഈ സഭയെ അവഗണിച്ചുകൊണ്ട്, ആ സഭയിൽ അംഗമായിച്ചേരാതെ, തങ്ങൾ രക്ഷിക്കപ്പെട്ടവരാണ് എന്ന് അവകാശപ്പെടുന്നു....സഭയെക്കുറിച്ചുള്ള തെററായ ധാരണയും, അറിവില്ലായ്മയുമാണ് അവരെ അതിന് പ്രേരിപ്പിക്കുന്നത്.

സഭ ഒരു വ്യക്തിയെ രക്ഷിക്കുന്നു എന്ന് ബൈബിൾ പഠിപ്പിക്കുന്നില്ല. കർത്താവായ യേശുക്രിസ്തുവിന്റെ വചനപ്രകാരം രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ. കർത്താവാണ് അവരെ സഭയോട് ചേർക്കുന്നത്....ആയതിനാൽ രക്ഷിക്കപ്പെടാത്തവർക്ക് തങ്ങൾ ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളാണ് എന്ന് പറയുവാൻ കഴിയുകയില്ല. (അപ്പോസ്തല പ്രവൃത്തികൾ 2:47). അതായത് സഭക്ക് പുറത്തുള്ള ഒരു വ്യക്തിയ്ക്ക് ഒരിക്കലും താൻ രക്ഷിക്കപ്പെട്ടു എന്ന് അവകാശപ്പെടുവാൻ കഴിയുകയില്ല. ഒരു നാമധേയ വിഭാഗത്തിന്റെയും അംഗത്വമില്ലെങ്കിലും ഒരു വ്യക്തി രക്ഷയിലേയ്ക്ക് പ്രവേശിക്കാം....പക്ഷേ ക്രിസ്തുവിന്റെ സഭയിലെ അംഗത്വമില്ലാത്ത ഒരാൾക്ക് രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിൽ (സഭ) ഉൾപ്പെടുവാൻ കഴിയുകയില്ല.

ഒരു വ്യക്തിയ്ക്ക് ക്രിസ്തുവിന്റെ സഭയോട് ചേരുവാൻ കഴിയുകയില്ല. ക്രിസ്തുവാണ് രക്ഷിക്കപ്പെട്ടവരെ സഭയോട് ചേർക്കുന്നതു (പ്രവൃത്തികൾ 2:47)....കർത്താവ് ഓരോ വ്യക്തിയു

ടെയും ഹൃദയങ്ങളെയും ആഗ്രഹങ്ങളെയും ശോധനചെയ്യുന്നു... ആത്
മാർത്ഥതയോടു കൂടിയ അനുസരണത്തിന്റെ ഉടമകളെ കർത്താവി
നറിയാം. തന്റെ മാനസാന്തരവും, അനുസരണവും സത്യസന്ധമാ
ണെങ്കിൽ കർത്താവ് ആ വ്യക്തിയുടെ പാപങ്ങൾ മോചിക്കുകയും
സഭയോട് ചേർക്കുകയും ചെയ്യുന്നു. ഒരുവന്റെ ഹൃദയവും, മാന
സാന്തരവും ശരിയായ രീതിയിൽ, ആത്മാർത്ഥതയോടു കൂടി അല്ല
എങ്കിൽ ആ മനുഷ്യനെ കർത്താവ് ഒരിക്കലും സഭയോട് ചേർക്കു
ന്നില്ല. മാനുഷിക കാഴ്ചപ്പാടിൽ നാം ആ വ്യക്തിയെ അംഗീകരിച്ചു
എന്നു വരാം (കാരണം വചനത്തെ അനുസരിച്ചതിനാൽ), പക്ഷെ
ഹൃദയത്തെ കാണുവാൻ നാം കഴിവുള്ളവരല്ലല്ലോ. മനുഷ്യർക്ക് സഭ
യോട് ചേരുവാൻ കഴിയുമായിരുന്നു എങ്കിൽ!

മനുഷ്യരുടെ ഉദ്ദേശങ്ങളും, ഹൃദയത്തിന്റെ അവസ്ഥയും പല
തായിരുന്നാലും എല്ലാവരെയും അംഗീകരിക്കുവാൻ നാം തയ്യാറാകേണ്ടി
വരും. പക്ഷേ കർത്താവാണ് രക്ഷിക്കപ്പെട്ടവരെ സഭയോട് ചേർ
ക്കുന്നതു എന്നതിനാൽ അവരെക്കുറിച്ചുള്ള പൂർണ്ണ ഉത്തരവാദിത്വം കർ
ത്താവ് ഏറ്റെടുക്കുന്നു. ചടങ്ങിനുവേണ്ടി വചനം അനുസരിക്കുന്ന
വരെയും കാണുവാൻ കഴിയുന്നവനാണ് കർത്താവ്.

എന്താണ് തന്റെ സഭയോട് ചേർക്കപ്പെടുന്നതിനുവേണ്ടി കർ
ത്താവ് ഓരോ വ്യക്തിയിൽ നിന്നും പ്രതീക്ഷിക്കുന്നത്? ദൈവ
വചനത്തിൽ വളരെ വ്യക്തമായി അത് രേഖപ്പെടുത്തിയിട്ടുണ്ട്. അ
പ്പോസ്തല പ്രവൃത്തികളിലെ ചില മാനസാന്തര അനുഭവങ്ങളിൽ
നിന്നും, വിവരണങ്ങളിൽ നിന്നും ആ മാതൃക നമുക്ക് മനസ്സി
ലാക്കാവുന്നതാണ്.... (ശ്രദ്ധിക്കുക.)

1. ആദ്യമായി ഒരു വ്യക്തി സത്യം കേൾക്കണം. "ആകയാൽ
വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും
വരുന്നു" റോമർ 10:17.

2. ദൈവത്തിലും ക്രിസ്തുവിലുമുള്ള വിശ്വാസം അത്യാവശ്യ
മാണ് ആ വ്യക്തിയ്ക്ക്. "എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ
പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ ചേരുന്ന
വൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതി
ഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ. എബ്രായർ
11:6. "ഇതിനെക്കുറിച്ച് ക്രിസ്തു പറഞ്ഞ വാക്കുകൾ ശ്രദ്ധേയ
മാണ്—" നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ
വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. യോഹന്നാൻ 14:1".

3. പാപങ്ങളെക്കുറിച്ചുള്ള മാനസാന്തരം ആ വ്യക്തിയിലുണ്ടാ
കണം. "മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ
നശിച്ചുപോകും എന്നു ഞാൻ നിങ്ങളോട് പറയുന്നു. ലൂക്കോസ്
13:3" എന്താണ് ക്രിസ്തു മാനസാന്തരത്തെക്കുറിച്ച് പ്രസ്താ

വിച്ചത്.

4. തുടർന്ന്, ക്രിസ്തു ദൈവപുത്രനാണ് എന്ന് ഏററുപറയണം. ''മനുഷ്യരുടെ മുമ്പിൽ എന്നെ ഏററു പറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൻ മുൻപിൽ ഞാനും ഏററു പറയും—മത്തായി 10:32'' ക്രിസ്തു തന്നെ പറഞ്ഞ വാക്കുകളാണിവ.

5. അതിനെ തുടർന്ന് തന്റെ പാപങ്ങളുടെ മോചനത്തിനായി സ്നാനമേൽക്കണം. സ്നാനമെന്നത് വെള്ളത്തിലുള്ള ഒരു അടക്കമാണ്. (റോമർ 6:3,4, പ്രവൃത്തികൾ 8:36–39). ''വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും മർക്കോസ് 16:16'' അപ്പോസ്തല പ്രവൃത്തികൾ 2:38–ൽ രേഖപ്പെടുത്തിയിരിക്കുന്ന പത്രോസിന്റെ പ്രസംഗത്തിലെ ശ്രദ്ധേയമായ ഭാഗമാണിത്.—''പത്രോസ് അവരോട്; നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും''.

എന്താണ് നാം ഇതിൽ നിന്നും മനസ്സിലാക്കിയത്? എങ്ങനെ ഒരു വ്യക്തി രക്ഷിക്കപ്പെടാം എന്നാണല്ലോ. സത്യം കേൾക്കുകയും, വിശ്വസിക്കുകയും, പാപങ്ങളെക്കുറിച്ച് മാനസാന്തരപ്പെടുകയും, ക്രിസ്തുവിനെ ഏററുപറയുകയും....തുടർന്ന് സ്നാനം ഏല്ക്കുകയും ആവശ്യമാണ്, ഒരു വ്യക്തി ക്രിസ്തുവിന്റെ സഭയോട് ചേർക്കപ്പെടേണ്ടതിന് എന്ന് ഇതിൽ നിന്ന് മനസ്സിലാക്കുവാൻ കഴിയുന്നു.

അപ്പോസ്തല പ്രവൃത്തികളിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ മാനസാന്തര അനുഭവങ്ങളെയും കുറിച്ച് പഠിക്കുകയാണെങ്കിൽ ഈ മാതൃക എല്ലാ സ്ഥലത്തും ആവർത്തിച്ചിരിക്കുന്നതായി കാണാം. രക്ഷിക്കപ്പെടുന്നതിന് ഒരേ ഒരു വഴി മാത്രമേ ഉള്ളു. ഇങ്ങനെ രക്ഷിക്കപ്പെട്ടവരെ കർത്താവ് തന്റെ സഭയോട് ചേർക്കുന്നു. തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഈ സഭയിൽ നിങ്ങൾ അംഗമാണോ? അല്ലെങ്കിൽ നിങ്ങൾ രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിൽ അല്ല എന്ന് വ്യക്തം.

ശ്രദ്ധയോടു കൂടി ഇതു പഠിച്ച്, മനസ്സിലാക്കി....അനുസരിക്കുമല്ലോ. എങ്കിൽ കർത്താവ് നിങ്ങളെ അവന്റെ സഭയോട് ചേർക്കും....അതിന് ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

(തുടരും)

# സൽപ്രവൃത്തിക്കായുള്ള ശുഷ്കാന്തി

## ( Zealous for good works )

W. D. ഹാരീസ്

നന്മ ചെയ്യുന്നതിനോ, തിന്മ ചെയ്യുന്നതിനോ ശുഷ്കാന്തി നമ്മെ വഴി നടത്തിയെന്നിരിക്കാം. തെററായ രീതിയിലാണ് നമ്മുടെ ശുഷ്കാന്തി എങ്കിൽ അതു തിന്മയിലേക്കായിരിക്കും നമ്മെ നടത്തുക. നന്മക്കു വേണ്ടിയുള്ള ശുഷ്കാന്തി ലോകത്തിലെ വൻ ശക്തികളിലൊന്നാണ്. പരിജ്ഞാനമില്ലാത്ത ശുഷ്കാന്തി ഏററവും അപകടകാരിയുമാണ് (റോമർ 10:2). മാനുഷിക ആചാരങ്ങൾക്കും പാരമ്പര്യങ്ങൾക്കും, അസത്യമായ മതപ്രചരണത്തിനും ഉതകുന്ന തെററായ രീതിയിലുള്ള എരിവു് മനുഷ്യനെ നശിപ്പിക്കുന്നു.

പൗലോസ് തീത്തോസിനെ ഓർമ്മിപ്പിക്കുന്ന കാര്യം ശ്രദ്ധിക്കുക— അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളൊരു സ്വന്ത ജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെത്താൻ നമുക്കു വേണ്ടി കൊടുത്തു. (തീത്തോസ് 2:14).

നന്മയ്ക്കുവേണ്ടിയുള്ള എരിവും, തീഷ്ണതയുമാണ് യഥാർത്ഥമായ പ്രവൃത്തി. ഈ ശുഷ്കാന്തിയുടെ പ്രധാനമായ മൂന്നു വശങ്ങളെക്കുറിച്ചു് ചിന്തിക്കാം.

1. ശരിയായ ലക്ഷ്യത്തോടുകൂടിയ ശുഷ്കാന്തി....

അതായത് സൽപ്രവൃത്തികൾക്കായുള്ള എരിവു്. ഇങ്ങനെയുള്ള തീഷ്ണത എല്ലാ പ്രവൃത്തികളിലും ഫലം നൽകുവാൻ കഴിവുള്ളതാണ് (കൊലൊസ്സ്യർ 1:10). ഇപ്രകാരമുള്ള സൽപ്രവൃത്തികൾക്കായി നാം എപ്പോഴും ഒരുങ്ങി ഇരിക്കേണ്ടതാണ്. (തീത്തോസ് 3:1). ഈ ബോധത്തെ വിശ്വാസത്തിന്റെ പ്രവൃത്തിയെന്നും (1 തെസ്സലൊനിക്യർ 1:3), ഇരുട്ടിന്റെ പ്രവൃത്തികളെ വിജയിക്കുന്ന മാർഗ്ഗമെന്നും (റോമർ 13:12) വിശേഷിപ്പിക്കാം. പുതിയ നിയമത്തിൽ എല്ലാ സൽപ്രവൃത്തികളും പ്രധാനമായും മൂന്നു വിഭാഗങ്ങളുടെ കീഴിൽ കാണപ്പെടുന്നു. സുവിശേഷീകരണം, പ്രബോധനം, ധനസഹായം. (Evangelisation, edification, benevolence). ഭൂമുഖത്തു് ക്രിസ്ത്യാനിത്വം വളരുന്നതിനു ഇവ അത്യാവശ്യമാണ്. ചുരുക്കമായി പറഞ്ഞാൽ സൽപ്രവൃത്തികൾ ശരിയായ ലക്ഷ്യത്തോടു കൂടി ചെയ്യുക എന്നതു ക്രിസ്തുവിന്റെ പ്രവൃത്തികളെ ആവർത്തിക്കുക എന്നതാണ്.

2. എപ്രകാരമുള്ള വികാരത്തോടു കൂടിയായിരിക്കണം സൽപ്രവൃത്തികൾ ചെയ്യേണ്ടതു് ?

ഈ സംഭവത്തിൽ നിന്നും നാം മനസ്സിലാക്കുന്ന പ്രധാനപ്പെട്ട മൂന്നു തത്വങ്ങൾ....കർത്താവായ യേശുക്രിസ്തുവിന്റെ പ്രവർത്തനത്തിലൂടെ മനസ്സിലാക്കുവാൻ ശ്രമിക്കാം.

ഒന്നാമതായി—ക്രിസ്തു തന്റെ സഭ സ്ഥാപിക്കുന്നതിനായി സമർപ്പണത്തോടെ കടന്നുവരുന്നു. ദൈവഹിതം നിറവേറുക എന്നതായിരുന്നു ക്രിസ്തുവിന്റെ ജീവിത ലക്ഷ്യം (മത്തായി 26:39). തന്റെ സഭയെ പണിയുമെന്നു് ക്രിസ്തു വാഗ്ദാനം ചെയ്തു (മത്തായി 16:18.) ''സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭ പ്രവൃത്തികൾ 20:28'' എന്നാണ് പൗലോസ് ഈ ത്യാഗത്തെ ഉദ്ധരിച്ചു് എഴുതിയിരിക്കുന്നതു്. ഇങ്ങനെ ക്രിസ്തുവിന്റെ വിശ്വാസത്താലും ത്യാഗത്താലും ഇന്നു അനേകർക്കു യഥാർത്ഥ സഭയിൽ അംഗങ്ങളാകുവാൻ കഴിയുന്നു.

രണ്ടാമതായി—നാം ക്രിസ്തുവിലും അവന്റെ വചനത്തിലും വിശ്വസിച്ചു് ക്രിസ്ത്യാനികളായി (യോഹന്നാൻ 8:31) തീർന്നുവെങ്കിൽ ആ സഭയ്ക്കുവേണ്ടി നമ്മെ തന്നെ സമർപ്പിക്കണം. ഈ ലോകത്തിൽ നാം ഇപ്പോൾ ജീവിക്കുന്നതിനാൽ നമുക്കു് ചില ഉത്തരവാദിത്വങ്ങൾ ഉണ്ടു്. ഭൂമിയുടെ ഉപ്പായും, ലോകത്തിനു് വെളിച്ചം നല്കുന്നവരായും തീർന്നുകൊണ്ടു് മററുള്ളവരെ ക്രിസ്തുവിങ്കലേയ്ക്കു നേടേണ്ടവരാണ് നാം. നാം യഥാർത്ഥമായി ക്രിസ്തുവിനെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ നമ്മുടെ സമയം, കഴിവുകൾ, എല്ലാം ദൈവത്തിന്റെ സഭയ്ക്കുവേണ്ടി സമർപ്പിക്കേണ്ടവരാണ്.

അവസാനമായി—ദൈവസന്നിധിയിൽ പൂർണ്ണമായി സമർപ്പിക്കുന്ന ഒരു വ്യക്തിയിലൂടെ ദൈവത്തിനു അത്ഭുതകരമായ പലതും ചെയ്യുവാൻ കഴിയും. അങ്ങനെയുള്ളവർ ദൈവത്തിന്റെ ദാസന്മാർ എന്ന വിശേഷണത്തിനു് പൂർണ്ണമായും യോജിച്ചവരാണ് റോമർ 6:22. തണുത്ത സ്വഭാവവും, ഉത്സാഹമില്ലാത്ത അവസ്ഥയും ദൈവം ഇഷ്ടപ്പെടുന്നില്ല (വെളിപ്പാടു് 3:15). ഇത്തരം സ്വഭാവങ്ങൾ മനുഷ്യനെ നശിപ്പിക്കുന്നു. ഒന്നിനും കൊള്ളാത്തവരാക്കുന്നു. രോഗികളെ സഹായിക്കുവാൻ എല്ലാം സമർപ്പിച്ചുകൊണ്ടു് മുന്നോട്ടിറങ്ങിയ എലിസബത്തു് ബ്ളാക്ക്വെൽ—എന്ന വനിതയെപ്പോലെ ദൈവവേലയ്ക്കും, ദൈവത്തിന്റെ സഭയ്ക്കുംവേണ്ടി സ്വയം സമർപ്പിക്കുന്നവരെ ദൈവം തിരഞ്ഞുകൊണ്ടിരിക്കുന്നു.

നിങ്ങൾക്കു് അവരിൽ ഒരാളായി തീരുവാൻ കഴിയുമോ. ദൈവത്തെ വിശ്വസിച്ചു്, അനുസരിച്ചു് അവനായി സമർപ്പിക്കുക.

* * * *

# ജീവിക്കുന്ന സ്മാരകം ?

**ഡീക്ക് മാർസിയർ**

എലിസബത്തു് ബ്ളാക്ക്വെൽ ആയിരുന്നു അമേരിക്കയിലെ ആദ്യത്തെ വനിതാ ഡോക്ടർ. 1851—ൽ ന്യൂയോർക്ക് നഗരത്തിലാണ് അവർ പ്രാക്ടീസ് ആരംഭിച്ചതു്, അന്നു ജനങ്ങൾ അവരെ പൂർണ്ണമായി സ്വീകരിക്കുവാൻ തയ്യാറായില്ല... ഒരു ആശുപത്രിയും ആ സ്ത്രീയെ ഡോക്ടറായി സ്വീകരിച്ചില്ല...ഇങ്ങനെ രോഗികൾപോലും അവരെ കാണുവാൻ വരുന്നില്ല എന്ന സാഹചര്യമായി....താൻ ഒരു ഡോക്ടർ ആണ് എന്ന് അവർ ആരോടെങ്കിലും പറയുമ്പോൾ അവർക്കായി ഒരു മുറി നല്കുവാൻപോലും അനേകർ മടിച്ചിരുന്നു.

അവസാനം ചില സുഹൃത്തുക്കളുടെ സഹായത്തോടെയാണ് ന്യൂയോർക്ക് നഗരത്തിലെ വൃത്തിഹീനമായ ചേരിപ്രദേശത്തു് അവർ സ്വന്തമായി ഒരു ക്ളിനിക്ക് തുറന്നു പ്രവർത്തിച്ചതു്. 1853—ലായിരുന്നു അതു്.

തന്റെ ആശുപത്രിയുടെ മുൻപിൽ "ചികിത്സ സൗജന്യം" എന്ന ഒരു ബോർഡും അവർ ഉറപ്പിച്ചു. ആഴ്ചകളോളം ആരും അവരുടെ അടുക്കലേയ്ക്കു വരുകയുണ്ടായില്ല. ഒരു ദിവസം വളരെ പ്രായം ചെന്ന ഒരു വൃദ്ധ വിറച്ചു് അവരുടെ അടുത്തേയ്ക്കു വരുകയും, ഡോക്ടറുടെ കൈകളിലേയ്ക്കു മറിഞ്ഞു വീഴുകയും ചെയ്യുകയുണ്ടായി. എലിസബത്തു് ബ്ളാക്ക് വെൽ ആ സ്ത്രീയെ പരിചരിക്കുകയും അസുഖത്തിൽ നിന്നു് പൂർണ്ണമായി വിടുവിക്കുകയും ചെയ്തു. ഈ സ്ത്രീ അവിടെ നിന്നും പുറത്തേയ്ക്കു വന്നു എല്ലാവരോടും തന്നെ രക്ഷിച്ച അത്ഭുത ഡോക്ടർ എന്ന എലിസബത്തു ബ്ളാക്ക് വെല്ലിനെക്കുറിച്ചു പറഞ്ഞു നടന്നു.

ആ സംഭവത്തിനുശേഷം ജനങ്ങൾ ദാരോത്സുകരായി ആ ഡോക്ടറെ സ്നേഹിക്കുവാനും അംഗീകരിക്കുവാനും തുടങ്ങി. ആ ആശുപത്രിയുടെ വളർച്ച പിന്നീടു് വളരെ വേഗത്തിലായിരുന്നു. ഇന്നു് ന്യൂയോർക്ക് നഗരത്തിൽ അവരുടെ സ്മാരകമായി സ്ത്രീകൾക്കായും കുട്ടികൾക്കായും ആശുപത്രി മന്ദിരങ്ങൾ നിലനില്ക്കുന്നു... എലിസബത്തു് ബ്ളാക്ക്വെൽ—എന്ന ആ വനിതയുടെ വിശ്വാസവും, സമർപ്പണ ബോധവും അനേകർക്കു് അങ്ങനെ ആശ്വാസമായി....

ശുഷ്ക്കാന്തിയോടുകൂടി എന്നാണ് ദൈവവചനം അനുശാസിക്കുന്നതു്. ശുഷ്ക്കാന്തി (zeal) എന്ന വാക്കിന്റെ ശരിയായ അർത്ഥം "തിളയ്ക്കുന്ന ചൂടു്'' എന്നാണ് തണുപ്പൻ സ്വഭാവത്തോടുകൂടി ക്രിസ്തുവിനെ സേവിക്കുവാൻ കഴിയുകയില്ല. (വെളിപ്പാടു് 3:15, 16). ക്രിസ്തുവിന്റെ വാക്കുകൾ ഇപ്രകാരം തണുത്ത സ്വഭാവമുള്ളവരെ നേരിട്ടതു് ''നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക'' (വെളിപ്പാടു് 3:19) എന്ന രീതിയിലാണ്, പൌലോസ് പറഞ്ഞു—'' നിങ്ങൾ ചെയ്യുന്നതു് ഒക്കെയും മനുഷ്യർക്കെന്നല്ല, കർത്താവിനു എന്ന പോലെ മനസ്സോടെ ചെയ്‌വിൻ; (കൊലൊസ്സ്യർ 3:24). ''സഭാപ്രസംഗിയുടെ വാക്കുകളിൽ എറിവും ഇപ്രകാരം കാണുന്നു്'' ചെയ്‌വാൻ നിനക്കു സംഗതി വരുന്നതൊക്കെയും ശക്തിയോടെ ചെയ്ക [സഭാപ്രസംഗി 9:10).

ആയതിനാൽ കർത്താവിനുവേണ്ടി തണുത്തവരായിരിക്കാതെ എരിവുള്ളവരായി, തീഷ്ണതയുള്ളവരായിരിക്കണം അവനു വേണ്ടി ജീവിക്കുന്ന നമ്മൾ.

3. ഇത്തരത്തിലുള്ള തീഷ്ണതയുടെ രഹസ്യം— യേശു നമുക്കായി പൂർണ്ണമായി നല്കി എന്നതു തന്നെ.

സകല അനീതികളിൽ നിന്നും ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി എന്ന പരിജ്ഞാനത്തിൽ നാം വളരുകയും ആ ബോധം സൽപ്രവൃത്തികൾക്കു് നമ്മെ ശുഷ്ക്കാന്തിയുള്ളവരായി തീർക്കുകയും വേണം. തങ്ങളുടെ മാനസാന്തരത്തിന്റെയും, വീണ്ടെടുപ്പിന്റെയും വിലയുടെ ആഴം അറിയുവാൻ കഴിയുന്നവർ കർത്താവിനുവേണ്ടി എപ്പോഴും തീഷ്ണതയുള്ളവരായിരിക്കും. ക്രിസ്ത്യാനി ആയി തീർന്നിട്ടില്ലാത്ത ഒരു വ്യക്തിയുടെ കാഴ്ചപ്പാടിൽ ക്രിസ്തുവിനുവേണ്ടി ശുഷ്ക്കാന്തിയോടെ ജീവിക്കുന്നവർ വെറും ഭോഷത്തരമാണ് പ്രവൃത്തിക്കുന്നതു് എന്നു് തോന്നാറുണ്ടു്. പക്ഷേ ക്രിസ്ത്യാനി അല്ലാത്ത വ്യക്തിയ്ക്കു് എന്തു ശക്തിയാണ് ക്രിസ്തുവിന്റെ അനുയായിയെ നയിക്കുന്നതു് എന്നറിയുവാൻ കഴിയുന്നില്ല.

ഇങ്ങനെ സൽപ്രവൃത്തിക്കായുള്ള ശുഷ്ക്കാന്തി ദൈവത്തിന്റെ ജനത്തെ ഒരു പ്രത്യേക ജനമാക്കി തീർക്കുന്നു. ശത്രുക്കളെ സ്നേഹിക്കുന്നതിലൂടെ, ദ്രോഹിക്കുന്നവരെയും, വെറുക്കുന്നവരെയും അനുഗ്രഹിക്കുന്നതിലൂടെ, രോഗികളെ സന്ദർശിക്കുന്നതിനാലും, സാധുക്കളെ സഹായിക്കുന്നതിലൂടെയും, ഉപദ്രവിക്കുന്നവരെ അനുഗ്രഹിക്കുന്നതിനാലും ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികൾ ലോകത്തിന്റെ അവസ്ഥയെ തന്നെ മാററി എഴുതുന്നു.

സൽപ്രവൃത്തികൾക്കായുള്ള തീഷ്ണതയും, ശുഷ്ക്കാന്തിയും നിങ്ങളുടെ ജീവിതത്തിലും കാണുവാൻ കഴിയുന്നുണ്ടോ ?

* * * *

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** — *The Voice of Truth* -- Speakers: Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth. Post Box 3815, New Delhi 110049.

Sundays—10 : 15 to 10 : 30 P.M.
Tuesdays— 9 : 30 to 9 : 45 A.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.
Thursdays—9: 00 to 9 : 15 P.M.
Fridays — 9 ; 00 to 9 : 15 P. M.
Saturdays– 9 : 45 to 10 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth. Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.
Mondays—2 :30 to 2 : 45 P.M.
Tuesdays—2: 30 to 2 : 45 P.M.
Wednesdays—2 : 30 to 2 : 45 P.M.
Fridays — 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*The Way of Truth*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 3301, Bangalore 560033.

Tuesdays— 5 : 30 to 5 : 45 P. M.
Thursdays—6 : 45 to 7 : 00 P.M.
Friday—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All Correspondence should be sent to Church of Christ Quilon—1, Kerala.

Tuesdays—3 : 45 to 4 : 00 P.M.
Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Regd : No K Dis, 90095/ 86/;A8

## You are Cordially Invited To Attend

Worship Services and Bible Studies

Sunday - 10 a. m.

Tuesday- 6. 30 p. m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, palayam
Trivandrum-34

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

To

From

**THE BIBLE TRUTH**
Church of Christ
Sunny Meads Lane
Trivandrum-34
Kerala, India